
To Witness to the Truth
ഉടുതുണിയൂരി പുഴയിൽ ഇറങ്ങാൻ
സ്വാതന്ത്ര്യം ഇല്ലാത്തവൾക്ക് ഇന്ന്
എഴുതാൻ കിട്ടിയ വിഷയം
'പുഴ'
കാമക്കണ്ണുകളേക്കാൾ ക്യാമറക്കണ്ണുകളെ
ഭയക്കുന്നവളുടെ അരികിലൂടെ ഒഴുകിയതും
സംസ്കാരം വിളിച്ചോതിയ
'പുഴ'
ഒഴുകി തിമിർക്കാൻ ആഗ്രഹിച്ചവളെ
പാരമ്പര്യം പറഞ്ഞ് തടഞ്ഞവളും
'പുഴ'
എന്റെ ചിതാഭസ്മം ഒഴുകുമ്പോൾ
പതിയെ വീശണേ കാറ്റേ
അവസാനമായ് ആദ്യമായ് ഞാനൊന്ന്
മുങ്ങി കുളിക്കട്ടെ !
പുഴയിൽ നനയാതെ സ്റ്റാറ്റസിൽ
തിമിർക്കുന്ന നീയാര് ഇതുപറയാൻ?
'എന്ന് പുഴ'
പുഴയാണ്
നമ്മുടെ വിഷയം
Alphonsa College
THIRUVAMBADY
Run by Educational Trust of Diocese of Thamarassery
Affiliated to the University of Calicut.
COLLEGE MAGAZINE | 2017 - 2018




**Digital e-lock**

With the Digital e-lock on SIB Mirror+ App, you can lock or unlock your account from anywhere, at the touch of a finger. And protect all your digital transactions.

**Tap to lock/unlock | Protection for digital transactions against frauds | SIB Mirror+ App can be downloaded from Google Playstore, App Store or Windows Store.**

Download it now!

Google play

App Store

Windows Phone

Toll Free (India): 1800-102-9408, 1800-425-1809 (BSNL),
Email: customercare@sib.co.in, CIN : L65191KL1929PLC001017
www.southindianbank.com | /thesouthindianbank

SOUTH INDIAN Bank

Experience Next Generation Banking

"No Matter what my sufferings may be,
I will never complain and if
I have to undergo any humiliation,
I will seek refuge in the
Sacred Heart of Jesus"

St. Alphonsa





# *Our Heavenly Patroness*

*"Let us be protectors of Creation.
Protectors of God's plan inscribed in Nature;
Protectors of one another and of the Environment."*



Mar George Cardinal Alenchery



Major Archbishop of Syro-Malabar Church

# MESSAGE

## Justice (Retd.) P. Sathasivam



JUSTICE (Retd.) P. SATHASIVAM
GOVERNOR OF KERALA

RAJ BHAVAN
KERALA

04 October 2018

**MESSAGE**

I am glad to know that the Alphonsa College, Thiruvambady, Kozhikode proposes to publish its **Annual College Magazine** for the academic year 2017-18.

I do hope that the Magazine will highlight the creative and artistic talents of the students and staff members of the college.

I wish the publication all success.

[Justice (Retd.) P. Sathasivam]

# MESSAGE

Sri. Pinarayi Vijayan
Chief Minister of Kerala



**പിണറായി വിജയൻ**
മുഖ്യമന്ത്രി

**കേരള സർക്കാർ**

സെക്രട്ടേറിയറ്റ്
തിരുവനന്തപുരം-695 001

നം.937/പ്രസ്/സി.എം.ഒ/2018. ഒക്ടോബർ 15, 2018

## സന്ദേശം

കോഴിക്കോട് തിരുവമ്പാടി അൽഫോൻസ കോളേജ് 2017-18 അധ്യയനവർഷത്തെ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. വിദ്യാർത്ഥികളുടെ സർഗ്ഗാത്മക രചനകളാലും അനുഭവക്കുറിപ്പുകളാലും സമ്പന്നമാകും മാഗസിൻ എന്ന് പ്രതീക്ഷിക്കുന്നു.

എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

# MESSAGE

Dr. K.T. Jaleel
Minister of Higher Education



**Dr. K. T. JALEEL**
MINISTER FOR
HIGHER EDUCATION
MINORITY WELFARE, HAJJ & WAKF
GOVERNMENT OF KERALA

Thiruvananthapuram

Date....07.11.2018

**MESSAGE**

It is great pleasure to know that the College Union of Alphonsa College, Thiruvambady, Kozhikode is bringing out their College Magazine for 2017-2018.

I take this opportunity to extend my greetings and best wishes to the Principal, Staff and Students of Alphonsa College, Thiruvambady, in this occasion.

*Dr. K.T. Jaleel*

# MESSAGE

## Sri. George M. Thomas
## M.L.A. Thiruvambady.




ജോർജ് എം. തോമസ്
(തിരുവമ്പാടി)
മെമ്പർ
കേരള നിയമസഭ
[illegible]
[illegible] പി. ഒ.
പിൻ-673 [illegible]

ഫോൺ :
വസതി : 0483-2759008
ഓഫീസ് : 0471-2512373
: 0495-2294636
മൊബൈൽ : 9447159028
നെയ്യാർ ബ്ലോക്ക്-4A
എം. എൽ. എ. ഹോസ്റ്റൽ
തിരുവനന്തപുരം
ഇ-മെയിൽ : mlatmbdy@gmail.com


സ്ഥലം മുക്കം

തീയതി 18-10-2018

**ആശംസ**

തിരുവമ്പാടി അൽഫോൻസ കോളേജിൽ 2017 – 18 വർഷത്തെ ആനുവൽ കോളേജ് മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ സന്തോഷമുണ്ട്. വിദ്യാർത്ഥികളുടെ സർഗാത്മക രചനകൾ വരും - കാലഘട്ടത്തിന്റെ പ്രതീക്ഷകളാണ്.എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

സ്നേഹപൂർവ്വം

GEORGE M THOMAS
MLA
THIRUVAMBADI

# MESSAGE

Dr. Muhammed Basheer
Vice-Chancellor, Calicut University



**Dr. K Mohammed Basheer**
Vice Chancellor

**UNIVERSITY OF CALICUT**

## *Message*

*I am extremely delighted to learn that the Alphonsa College, Thiruvambady (ACT) is going to publish its Annual College Magazine for the academic year 2017-2018. I wish the magazine serves as a platform for the students of your institution to express their creative talents. Let it also reflect the passions and ambitions of your team.*

*I congratulate the team of students and the faculty for their tireless efforts that have come to fruition in the form of magazine. I wish it all success and hope that this tradition that has been set by the current students will be carried through by the following generation of students to come.*

*08.11.2018*

**Dr. K.MOHAMMED BASHEER**
**Vice-Chancellor**

# ആശംസ



കലാലയ ജീവിതത്തിൽ പാഠ്യപദ്ധതികളോടൊപ്പം പാഠ്യേതര പദ്ധതികളും പ്രാധാന്യമർഹിക്കുന്നതാണ്. ഓരോ മനുഷ്യന്റെയും സമഗ്രരൂപീകരണത്തിന് ബുദ്ധിപരമായ വികാസത്തോടൊപ്പം സർഗാത്മക കഴിവുകളേയും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. അൽഫോൻസ കോളേജിലെ വിദ്യാർത്ഥികളുടെ സാഹിത്യാഭിരുചികൾ പ്രോത്സാഹിപ്പിക്കുന്നതിനും കോളേജിന്റെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുമായി പുറത്തിറക്കുന്ന കോളേജ് മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു. വിദ്യാഭ്യാസത്തിലൂടെ ലക്ഷ്യം വെയ്ക്കുന്നത് ജ്ഞാനത്തിൽ വളരുന്ന ഒരു തലമുറയെയാണ്. സങ്കീർത്തനം 37:30 ൽ പറയുന്നതുപോലെ "നീതിമാന്റെ അധരങ്ങൾ ജ്ഞാനം സംസാരിക്കുന്നു. അവന്റെ നാവിൽ നിന്ന് നീതി ഉതിരുന്നു". പുതിയ തലമുറയെ വാർത്തെടുക്കുന്ന വിദ്യാഭ്യാസം ലക്ഷ്യം വെയ്ക്കേണ്ടത് നന്മ തിന്മകളെ തിരിച്ചറിഞ്ഞ് നീതിയിൽ വളരുന്ന വിദ്യാർത്ഥി സമൂഹത്തെയാണ്. ഇന്നിന്റെ കാലഘട്ടം നഷ്ടപ്പെടുത്തിയതും അറിവിനോടൊപ്പം ജ്ഞാനത്തിൽ വളരുന്ന ഒരു തലമുറയെയാണ്. ജ്ഞാനം എന്നത് ദൈവത്തിന്റെ ദാനമാണ്. "മനുഷ്യനിലെ ചൈതന്യം, സർവ്വശക്തന്റെ ശ്വാസം, ആണ് അവന് ജ്ഞാനം നൽകുന്നത്." (ജോബ് 32:8) ദൈവത്തോട് ചേർന്നുനിന്നുകൊണ്ട് ജ്ഞാനം നേടാനായി പരിശ്രമിക്കുക. മനുഷ്യനെ ഉന്നതങ്ങളിലേക്ക് എത്തിക്കുന്ന ജ്ഞാനത്തിൽ നിറഞ്ഞ് സമൂഹത്തിൽ നീതിയോടെ വർത്തിക്കാൻ ഈ വിദ്യാഭ്യാസ കാലഘട്ടം നിങ്ങളെ ഓരോരുത്തരെയും ശക്തരാക്കട്ടെ. എല്ലാവർക്കും ദൈവാനുഗ്രഹം ആശംസിക്കുന്നു. ഈ മാഗസിന്റെ രൂപീകരണത്തിനായി പ്രവർത്തിച്ച ഏവർക്കും അഭിനന്ദനങ്ങൾ! കോളേജിന്റെ തുടർപ്രവർത്തനങ്ങൾക്ക് എല്ലാവിധ പ്രാർത്ഥനകളും നേരുന്നു.

**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
**താമരശ്ശേരി രൂപതയുടെ മെത്രാൻ**

# Message



I am very happy to note our prestigious institution Alphonsa College Thiruvambady is completing its 4th year of existence. Already two batches of students have come out to our great satisfaction . The name you have chosen for the magazine "Puzhayanu Nammude Vishayam" is thought provoking especially after the flood that we experienced recently.

Our college is in its infancy but it`s growing steadily giving appreciation to those who watch its growth . When you bring out the Annual Magazine it will mark its growth to all who yearned to see it.

The torrential rain that showed , reshaped the paths and the roads into rivulets and rivers making the entire area into an ocean. Buildings got dilapidated people had to be rescued by boats and by helicopters to safer places. The unity and cooperation and the pain taking effects showed that the people of the state are Gods own people. Though the aftermath of this disaster is not yet overcome, it showed the way out to face challenges.

Let the students of Alphonsa College be the strong defenders of our country. "Puzhayanu Nammude Vishayam" that stars its origin from Alphonsa this year, must be able to gather the drops of ideas, vision and determination to an all encompassing stream with fraternity and fellow feelings . I wish the magazine every success.

**Mar Paul Chittilappilly**
**Bishop Emirates**

# Message



'പുഴയാണ് നമ്മുടെ വിഷയം.' പേരുകൊണ്ടും രൂപം കൊണ്ടും വ്യത്യസ്തത പുലർത്തുന്ന മാഗസിൻ, നമ്മുടെ വിദ്യാർത്ഥികളുടെ സാഹിത്യാഭിരുചികളുടെ സമഗ്രഭൂമികയാണ്. പുഴ എന്നും സംസ്കാരങ്ങളുടെ ഇടമാണ്. സംസ്കാരത്തെ രൂപപ്പെടുത്തുന്ന ഇടങ്ങളാണല്ലോ വിദ്യാലയങ്ങൾ. ഒരു പുഴയുടെ സമാനതകൾ ഉൾക്കൊള്ളുന്ന നമ്മുടെ കോളേജ്, വിദ്യാർത്ഥികളാകുന്ന ജലകണങ്ങളുടെ, കൂടിച്ചേരലിലൂടെ, ബാച്ചുകളാകുന്ന ചെറുതോടുകളായി സംഗമിക്കുകയാണ്. കുടുംബങ്ങളിൽനിന്നും ആർജിച്ച സംസ്കാരത്തെ അധ്യാപകരിലൂടെ പരിപോഷിപ്പിച്ച് സൗഹൃദങ്ങളിലൂടെ വളർത്തി നാടിന്റെ ഉയർച്ചയ്ക്കായി വിനിമയം ചെയ്യുകയാണ് ഇവിടെ ലക്ഷ്യം വെയ്ക്കുന്നത്.

കാലികമായ വിഷയം കണ്ടെത്തി വിജ്ഞാനപ്രദമായ രീതിയിൽ അവതരിപ്പിച്ച എഡിറ്റോറിയൽ ബോർഡിനെ പ്രത്യേകം അഭിനന്ദിക്കുന്നു.

റവ. ഫാ. സ്കറിയ മങ്ങരയിൽ
മാനേജർ

# Message



മലയോരമേഖലയുടെ ചിരകാല സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടതിന്റെ സന്തോഷവും, സംതൃപ്തിയും, അഭിമാനവും എല്ലാവരുമായി പങ്കുവെയ്ക്കുന്നു. അഞ്ചാം വർഷത്തിലേക്ക് കടന്നിരിക്കുന്ന നമ്മുടെ അൽഫോൻസ കോളേജ് വളർച്ചയുടെ പടവുകൾ ഓരോന്നും ഓടിക്കയറി എല്ലാ മേഖലയിലും നിറസാന്നിദ്ധ്യമായി തലയുയർത്തി നിലകൊള്ളുന്നു. കലാസാഹിത്യ, കായിക, സാംസ്കാരിക രംഗങ്ങ ളിൽ ഇതിനോടകം നമ്മുടേതായ ഒരദ്ധ്യായം സുവർണ്ണ ലിപികളിൽ എഴുതിച്ചേർത്തിരിക്കുന്നു. സാമൂഹ്യ പ്രതിബദ്ധതയുടെ കാര്യത്തിലും നാം വളരെ മുമ്പിലെത്തിയിരിക്കുന്നു.

തുടർച്ചയായ മൂന്നാം വർഷവും കോളേജ് മാഗസിൻ പ്രകാശിതമാവുന്ന ഈ അവസരത്തിൽ നേതൃത്വം കൊടുത്ത സ്റ്റാഫ് എഡിറ്റർ ഫാ. കുര്യൻ താന്നിക്കൽ, സ്റ്റുഡന്റ് എഡിറ്റർ അരുൺ ബെന്നി എന്നിവർ പ്രത്യേകം പ്രശംസയർഹിക്കുന്നു. തങ്ങളുടെ സ്വപ്നങ്ങളും, ചിന്തകളും, ഭാവനകളും അക്ഷരമുത്തുകളാക്കി മാറ്റിയ എല്ലാ വിദ്യാർത്ഥികൾക്കും അഭിനന്ദനത്തിന്റെ പൂച്ചെണ്ടുകൾ അർപ്പിക്കുന്നു. ഈ സദുദ്യമത്തിന് പിന്നിൽ പ്രവർത്തിച്ച മാനേജ്മെന്റ്, എല്ലാവിധ പ്രോത്സാഹനവും നൽകിയ അധ്യാപക - അനധ്യാപക സുഹൃത്തുക്കൾ എന്നിവരെയും ഹൃദയത്തിന്റെ ഭാഷയിൽ അനുമോദിക്കുന്നു. കെട്ടിലും മട്ടിലും വ്യത്യസ്ഥത പുലർത്തുന്നതാണ് ഈ വർഷത്തെ മാഗസിൻ എന്നറിയുന്നതിൽ അതിയായ സന്തോഷം. നാളെ ഈ കോളേജ് അറിയപ്പെടുവാൻ പോകുന്നത് ഇവിടെനിന്നും പഠിച്ചിറങ്ങിയ മിടുക്കരായ വിദ്യാർത്ഥികളുടെയും അവരെ അതിന് സുസജ്ജരാക്കിയ സമർപ്പിതരായ, പ്രഗൽഭരായ അധ്യാപകരുടെയും പേരിലായിരിക്കും.

അഭിനന്ദനങ്ങൾ !! ആശംസകൾ !!

പ്രൊഫ. ഫിലിപ്പ് കെ. ആന്റണി
പ്രിൻസിപ്പാൾ

# Staff Editor



പ്രഭവസ്ഥാനത്ത് നിന്നും ലക്ഷ്യത്തിലേക്കുള്ള പ്രയാണം ആരംഭിച്ചപ്പോൾ മുന്നേറ്റ വഴികൾ നിശ്ചയിച്ചിരുന്നില്ല. പിന്നീട് ശക്തമായ ഒരൊഴുക്കായിരുന്നു. പതിമൂന്ന് കൈവഴികൾ (ബാച്ച്) ഒന്നിച്ചുചേർന്നപ്പോൾ മാഗസിൻ ഒരു പുഴയായി മാറുകയായിരുന്നു. തീരങ്ങളിൽ നിലയുറപ്പിച്ചിരുന്ന വൻ വൃക്ഷങ്ങൾ (മാനേജർ, പ്രിൻസിപ്പാൾ, അധ്യാപകർ, അനധ്യാപകർ, മാഗസിൻ കമ്മിറ്റി) അവരുടെ വേരുകളിൽ നിന്നും ഔഷധഗുണങ്ങൾ പകർന്നു നൽകി, രോഗസാധ്യതകളെ മറികടന്ന് മുന്നേറുവാൻ പ്രാപ്തമാക്കി. 'ACT' ന്റെ തീരങ്ങളിൽ ഈ പുഴ സ്വരൂപം പ്രാപിക്കുവാൻ വെമ്പൽ കൊണ്ടപ്പോൾ സാഹിത്യലോകമെന്ന മഹാ സമുദ്രത്തിലേക്ക് "പുഴയാണ് നമ്മുടെ വിഷയം" വിലയം പ്രാപിച്ചു. ഇനി വായനയുടെ കടൽകാറ്റേല്ക്കാൻ ഇതിന്റെ താളുകൾ മറിക്കുന്നവർക്ക് സാധിക്കട്ടെ ! സാധ്യതകളുടെ അപാരതകളിലേക്ക് ഒഴുകി പരക്കാൻ സഹായിച്ച എല്ലാവർക്കും ഒരു പാട് നന്ദി.

ഫാ. കുര്യൻ താന്നിക്കൽ
( ഷെനീഷ് അഗസ്റ്റിൻ)

# Student Editor



ഒഴുകുന്നതിനെ പുഴയെന്ന് വിളിക്കുമ്പോൾ, ജീവിതം പുഴ പോലെ ഒഴുകി നീങ്ങുമ്പോൾ, പുഴയോടൊപ്പം തട്ടി മിനുസമാർന്ന ഉരുളൻ കല്ലുകൾപോലെ മനോഹരമാകുന്നു ഓരോ സർഗ്ഗ രചനയും. കലാലയ ജീവിതത്തിന്റെ സുന്ദര വേളകൾ പാഠ്യ പുസ്തകത്തിനപ്പുറത്തെ ഒരു വിശാല ലോകത്തിലേക്ക്. വാതായനം തുറക്കാൻ എഴുത്തുകളിലൂടെ വിരിയുന്ന ഓരോ സർഗ്ഗ സൃഷ്ടിയും നമ്മെ സഹായിക്കും.

"പുഴയാണ് നമ്മുടെ വിഷയം" ഒഴുകട്ടെ ഈ പുഴ മലിനമാകാതെ, ജീവനോടെ അനേകർക്ക് ജീവാംശമായി ഈ ഒഴുക്കിൽ കൂട്ടുനിന്നവർക്ക്, കുതിച്ചൊഴുകാൻ പ്രേരണയായവർക്ക്, പ്രചോദനമേകിയവർക്ക്, കുളിരായവർക്ക്, ചൂടുപകർന്നവർക്ക് നന്ദി...

ഒഴുകട്ടെ അനർഗ്ഗളം, സ്നേഹമായി, സാഫല്യമായി...

ആശംസകളോടെ,
അരുൺ ബെന്നി

# THE EDUCATIONAL TRUST OF DIOCESE OF THAMARASSERY

Our Patron



**Mar Remigiose Inchananiyil**
Bishop Diocese of Thamarassery

Trust Members



Rev. Msgr. John Oravumkara



Rev.Fr. Abraham Kavilpurayidathil



Rev.Fr.James Kuzhimattathil



Rev. Fr. Sebastian Purayidathil



Rev. Fr. Scaria Mangarayil

Vice Principal



Rev. Fr. Kurian Thannickal (Fr. Shenish)

Our Bursar



Rev. Fr. Mathew Chemputhookil

## Teaching Staff



## Office Staff



# Magazine Committee





# കൈവഴികളിലൂടെ...


21. കാമുകൻ
22. നഷ്ടം...
23. സ്രഷ്ടാവിന്റെ ഇച്ഛ
25. ഉപ്പിൻ കയ്പ്പ്
26. ഒരു പുഴ മരിക്കുതെങ്ങനെ...

27. പ്രതീക്ഷ
28. എന്ന് പുഴ
29. പുനർജ്ജനി
31. പുഴ പോലൊരു മുത്തശ്ശിക്കഥ..

32. മഴ
33. പകൃതിക്കൊരു പ്രണയലേഖനം
34. അകലുന്ന പുഴ
36. ഓർമ്മതൻ നീരരുവി
37. പ്രകൃതിയും മനുഷ്യനും
39. നിളയോരത്ത്...
45. ജനനിയോട്...
46. നദീക്രോധം
47. പുഴ പോയി...

48. കാമുകിയെ അത്രമേൽ...
50. ഭൂമിതൻ നോവ്
51. പൊൻപുലരി
52. ഓണക്കാലത്തെ പ്രളയം...

54. ജീവിതമാകുന്ന പുഴ
55. പരിസ്ഥിതി സംരക്ഷണം...
57. ഓർമ്മകൾ
58. മഴത്തുള്ളി

60. My Mother
61. Athirappally Water Falls
63. The Evening Of Life
64. Summer Cry...
65. Mistake
66. My Concern...

67. Vanished Drop Of Joy
68. Love River
69. Life Is River ...
70. Woman = River
71. Drizzle Of Dreams
85. Emotional Intelligence...

88. ഒഴുക്കിനെതിരെ...
92. നഷ്ടമാകുന്ന ജീവന്റെ...
94. മഴയെ പ്രണയിച്ച പുഴ
95. മായുന്ന മോഹങ്ങൾ ഒരു പുഴയായി...
96. മഴപ്പെയ്ത്തിനു ശേഷം...
97. ഒഴുകുന്നു എൻ ഹൃദയം...

98. അവൾ
99. മഴയുടെ രോദനം
101. നാളെയുടെ പാട്ട്
102. താണ്ഡവം
103. പുഴ
104. വികസനം
105. യന്ത്രം
107. എറൈസ്

109. *जल जीवामृत*
111. *जल नहीं तो... जीवन नहीं...*
112. *ज़िन्दगी*
113 *वैसे भी अपने आप बने*
114. *तुम्हारी याद*
115. *कलाम वचनमोती*

119. Glimpses
139. വാർത്തകളിലൂടെ

# മഴയ്കായ്...



മഴ മാത്രമല്ല,
മഴയിൽ കുളിച്ച മരങ്ങളും
പതിയെ ഇന്നലയുടെ
ഓർമകളായി മാറുകയാണ്...
–സച്ചിദാനന്ദൻ

രാത്രി മഴ, ചുമ്മാതെ കേണും
ചിരിച്ചും വിതുമ്പിയും
നിർത്താതെ പിറുപിറുത്തും
നീണ്ട മുടിയിട്ടുലച്ചും
കുനിഞ്ഞിരിക്കുന്നൊരു യുവതിയാം
ഭ്രാന്തിയെപ്പോലെ...
–സുഗതകുമാരി

പുഴ മരിച്ചു
**എന്ന് എഴുതിയ കവി**
പ്രളയംകണ്ട് ഭയന്ന് കവിത മാറ്റി
**എഴുതിയപ്പോഴേക്കും**
വെയിലേറ്റ്
**പുഴ മരിച്ചിരുന്നു.**

കടപ്പാട്: വരികൾക്കപ്പുറം

മീതെയുള്ള ഈ പച്ചയിൽ
ഈ നിശ്ചലതയിൽ
ഈ വശ്യതയിൽ
ഇളകാതെയുള്ള കുളിരിന്റെ,
മാടിവിളിക്കലിൽ
ഇരുകരകളേയും,
കവിയിക്കുന്ന
ചുംബനങ്ങളിൽ
ഇവളുടെ ചുഴികളും
അടിയൊഴുക്കുകളും
അറിയാതെ
നമ്മളെന്നും പെട്ടുപോകുന്നു.
പവിത്രൻ തീക്കുനി

ഒരു പുഴയായിരുന്നു അവൾ,
ഇഷ്ടങ്ങളും സ്വപ്നങ്ങളും മറ്റും
പൊതിഞ്ഞുകെട്ടി ഞാനുണ്ടാക്കിയ
കളിവഞ്ചികളെ ഓളങ്ങളോട്
ചേർത്തുപിടിച്ച് എന്നിലൂടെ
തന്നെയൊഴുകിയ ഒരു പുഴ

# കാമുകൻ



അഞ്ജലി തങ്കച്ചൻ
II ബികോം. ഫിനാൻസ്

അവരവളെ പിച്ചിച്ചീന്തി...
അവൻ അലറി "അരുത്" ...
അവരവളുടെ ഉദരം മാന്തിയെടുത്തു...
അവൻ കരഞ്ഞു "അരുത്" ...
അവരവളുടെ നെഞ്ചത്ത് തൂണുകൾ താഴ്ത്തി.
അവൻ കെഞ്ചി "അരുത്" ...
അവരവളെ ഒരു മാലിന്യക്കൂമ്പാരമാക്കി.
അവൻ പിടഞ്ഞു "അരുത്" ...
അവരവളെ കൊന്ന് ആ വാർത്ത
ആഘോഷമാക്കിയ നാൾ...
അവന്റെ പ്രതികാരം പെയ്തിറങ്ങി...
ഉടുതുണി  മാത്രമായിട്ടവരോടി... വെട്ടിപ്പിടിച്ചതെല്ലാം
അവൻ കാർന്നെടുക്കുന്നതു കണ്ടുകൊണ്ട്.
അവന്റെ പ്രതികാരം അവളിൽ ജീവന്റെ തുടിപ്പായി.
അതവരുടെ വീടുകളെ പുഴയാക്കി.
അതവരുടെ റോഡുകളെ പുഴയാക്കി.
അവരിരുവരുടെയും സംഗമം അവരുടെ വേരറുത്തു...
പുഴയെ കൊന്ന മനുഷ്യാ...നീ മറന്നു
അവളുടെ മഴയെന്ന കാമുകനെ...



# നഷ്ടം...



സുൽഫ റ്റി എ
II ബികോം. ഫിനാൻസ്

സമൃദ്ധിയേറിയ ഒരു വർഷകാലത്താണ് മീനു എന്ന കൊച്ചു മീനിന്റെ ജനനം. നല്ല അടിയൊഴുക്കും തെളിച്ചവുമുള്ള ആ പുഴ യിൽ അവൾ സന്തോഷത്തോടെയായിരുന്നു ജീവിച്ചത്. കൂട്ടുകാരോടു തല്ലുകൂടിയും പുഴ യിലെ ചെടികൾക്കിടയിലും, പാറകൾക്കിടയിലും ഒളിച്ചും കളിച്ചും അവളുടെ കുട്ടിക്കാലം കടന്നു പോയി. വെള്ളം കുടിക്കാനായി കടന്നു വരുന്ന മൃഗങ്ങളുടെ ദേഹത്തെ അവശിഷ്ടങ്ങളും മറ്റും തിന്ന് അവൾ ജീവിതം ആഘോഷിച്ചു. എല്ലാവർ ക്കും ഒരു പോലെ ഉപകാരപ്രദമായിരുന്നു ആ പുഴ.

ബാല്യം കൗമാരത്തിലേക്ക് വഴി മാറി. ആ പുഴയുടെ മുക്കും മൂലയും അവൾക്ക് കാണാപാഠമായി. അങ്ങനെ സന്തോഷത്തോടെ ജീവിക്കുമ്പോഴായിരുന്നു അതു സംഭവിച്ചത്. അവൾ ആഘോഷത്തോടെ, സന്തോഷത്തോടെ ആസ്വദിച്ചിരുന്ന ആ പുഴയിൽ അവൾക്ക് എന്തൊക്കെയൊ അസ്വസ്ഥതകൾ അനുഭവ പ്പെട്ടു തുടങ്ങി. വെള്ളം കുടിക്കാനും കുളി ക്കാനും ആർക്കും താൽപര്യമില്ലാതായി. പണ്ട ത്തെപ്പോലെ മൃഗങ്ങളും വരാതെയായി. അ വൾക്കാകെ വിഷമമായി . അങ്ങനെ വേദനയോ ടെ ദിവസങ്ങൾ തള്ളി നീക്കുമ്പോഴായിരുന്നു തന്റെ പഴയ സുഹൃത്തായ ഒരു കാട്ടുപോത്ത് വെള്ളം കുടിക്കുവാനായി പുഴയിലേക്കു വന്നത്. പുഴയിലിറങ്ങിയ പോത്ത് മുങ്ങിപ്പോകുന്നതു കണ്ടാണ് അവൾ അങ്ങോട്ടു ചെന്നത്. താനിതുവ രെ കാണാത്ത അഗാധഗർത്തങ്ങൾ പുഴയിൽ രൂപപ്പെട്ടിരിക്കുന്നു. എന്താണിത്? ഇവിടുത്തെ മണൽ മുഴുവൻ എവിടെപ്പോയി? അവളുടെ കണ്ണുകൾ നിറഞ്ഞു. ചുറ്റും കൂട്ടുകാർ ചത്തു മലച്ചുകിടക്കുന്നു. ശ്വാസം കിട്ടാതെ പിട യുന്നു. ഇതു തന്റെ പഴയ പുഴയേ അല്ല! വെള്ളത്തിന്റെ നിറം മങ്ങിയിരിക്കുന്നു. അസഹ്യ മായ ദുർഗന്ധവും. പഴയതു പോലെ നീന്തി കളിക്കുവാനൊന്നും അവൾക്കു വയ്യാതെയായി. പഴയ ആരോഗ്യമൊക്കെ നഷ്ടപ്പെട്ടിരിക്കുന്നു. പുഴയിൽനിന്ന് എന്തു കഴിച്ചാലും തൃപ്തി വരാതെയായി. കാരണം അറിയാതെ അവളുടെ മനസു വിങ്ങി അങ്ങനെ ഭക്ഷണവും വെള്ളവും കിട്ടാതെ അവളും യാത്രയായി. തന്റെ കൂട്ടുകാരുടെ അടുത്തേക്ക്.. കലങ്ങിയ വെള്ളത്തിൽ പൊന്തികിടക്കുന്ന അവളുടെ ശരീരത്തെ നോക്കി മൂക്കിൽ വിരൽ വെച്ച് പാല ത്തിലൂടെ അവർ നടന്നു. കയ്യിലെ കവർ പുഴ യിലേക്ക് വലിച്ചെറിഞ്ഞുകൊണ്ട്. ●





അയോണ തോമസ്
II ബി. എ. ഇംഗ്ലീഷ്



# സ്രഷ്ടാവിന്റെ ഇച്ഛ

ഗത്യന്തരമില്ലാത്ത ബോറൻ ദിനങ്ങൾ. തിന്നും കുടിച്ചും ഉറങ്ങിയും തടി ചീർക്കുന്നതല്ലാതെ ദിവസങ്ങൾക്ക് കാര്യമായ നീക്കു പോക്കില്ല. ചിന്തകളെ കീറി മുറിച്ച് Game എന്നൊരു Option എത്തി. ഏതെങ്കിലും ഒന്ന് Install ചെയ്യണോ അതോ create ചെയ്യണോ? ചോദ്യചിഹ്നത്തെ മറികടന്ന് സ്വയം പര്യാപ്തതയിലേക്ക് തിരിയാൻ ഉറപ്പിച്ചു.

ഇനി സൃഷ്ടിയുടെ സമയം ..........

സൃഷ്ടിയുടെ ആദ്യ ദിവസങ്ങളിൽ അവിടുന്ന് ഭൂമിയെയും അതിലെ സകല ജീവജാലങ്ങളെയും സൃഷ്ടിച്ചു. ആറാം ദിവസം അവിടുത്തെ അത്യുജ്ജ്വല കരവിരുതിന്റെ ദൃശ്യാവിഷ്ക്കാരമായിരുന്നു. മനുഷ്യ രൂപം. അവന് ദൈവം എല്ലാത്തിന്റെയും മേലുള്ള ആധിപത്യം നൽകി. അവനിലുള്ള വിശ്വാസമായിരുന്നു പടച്ചു നൽകിയ ആധിപത്യത്തിന്റെ അടിത്തറ പാകിയത്. അടിത്തറയുടെ ദൃഢത വകവെക്കാതെ തന്നെ Game വൈറലായി. 7-ാം ദിവസം അവിടുന്ന് വിശ്രമിച്ചു. തന്റെ അധ്വാനത്തിന് വിലയിട്ടത് 7-ാം ദിവസത്തെ മണിക്കൂറുകളുടെ ദൈർഘ്യമാണ്.

അങ്ങനെ കളി തുടങ്ങി .........

കളി സ്രഷ്ടാവിന്റെ ഇച്ഛയാണ്. അതുകൊണ്ട് വില്ലനും അവിടുന്ന് തന്നെ.

ആദ്യ Level മാനസിക ആധിപത്യമാണ്. Easy level. ഇണങ്ങി ജീവിക്കാൻ പ്രകൃതിക്ക് അമ്മയുടെയും ജീവജാലങ്ങൾക്കും മറ്റും സഹോദരൻമാരുടെയും ചങ്ങാതിമാരുടെയും സ്ഥാനം വീതിച്ചു നൽകി യപ്പോൾ ഭൂമി ഒരു കുടുംബമായി. അവന്റെ നിലനിൽപ്പിന് എതിരെയുള്ള ഓളങ്ങളെ ചെറുതാക്കൻ അമ്മതന്നെ അവന് കരവലയം ഒരുക്കി. ഗർഭപാത്രത്തിലെ സുരക്ഷിതത്വം ആ കരവലയം സമ്മാനിച്ചു.

Notification : Level Completed
You win !

ഇനിയത്തെ പോരാട്ടം Medium level ലിൽ instructions എന്ന option ന് ആദ്യമേ തന്നെ വിലക്കു കൽപിച്ച് അവൻ ഭൗതികാധിപത്യത്തിലേക്ക് കടന്നു. " ഞാൻ " എന്ന രണ്ടക്ഷരം അവനിൽ ഭൗതികാധിപത്യത്തിലേക്ക് വളരാൻ വിത്തുപാകി. പ്രതീക്ഷിച്ചതിലും അധികം വിളവ് അവൻ കൊയ്തെടുത്തു. കൊന്നും കൊലവിളിച്ചും ഭൂമിയെന്ന കുടുംബത്തെ അവൻ ശിഥിലമാക്കി. 'സ്നേഹം' എന്ന മൂന്നക്ഷരത്തിൽ അലങ്കരിക്കേ 'ഞാൻ' എന്ന വാക്കിനെ സമ്പത്തു കൊണ്ടും യശസ്സു കൊണ്ടും അവൻ മൂടിക്കെട്ടി . എതിരെ നിൽക്കുന്നവന്റെ ഉള്ളറിയാനുള്ള അവസരവും അവന് നഷ്ടമായി. തന്നിഷ്ടം വല്ലാത്തൊരു വൈറസായി പടർന്നു.

Notification : Level Completed
You lost !

മൂന്നാമതായി Hard level അവൻ ഇന്ന് അടിത്തറ നഷ്ടപ്പെട്ട വീട് പോലെയാണ്. സ്രഷ്ടാവ് തന്നെ വില്ലനായി അവതരിച്ചപ്പോൾ നിലനിൽപ്പിനായുള്ള പോരാട്ടത്തിൽ 'ഞങ്ങൾ' എന്ന മുദ്രാഗീതത്തിന് ശക്തിയാർജ്ജിച്ചു. വെള്ളമായും, പകർച്ച വ്യാധിയായും, ഭൂചലനമായും എതിരാളികളെ അണിനിരത്തിയപ്പോൾ Scoring level ലിൽ അവൻ പാതാളത്തോളം താഴ്ത്തപ്പെട്ടു. ഇനിയത്തെ ശങ്ക ഒന്നു മാത്രമാണ്. കയറികൂടിയ ഈ വൈറസിനെ ഇല്ലായ്മ ചെയ്യാൻ അവിടുന്ന് ഏത് Option തിരഞ്ഞെടുക്കും.

Delete or Clean up?





**ജെറിൻ മാത്യു**
**II ബി.കോം.**
**കമ്പ്യൂട്ടർ ആപ്ലിക്കേഷൻ**

# ഉപ്പിൻ കയ്പ്പ്

മഴയൊന്നു പെയ്യുമ്പോൾ
പുഴയൊന്നു നിറയുന്നു...
പുഴ പോലെ നിറയുന്ന
കുടിലൊന്നു കരയുന്നു...
കരയുന്ന കുടിലൊന്നിൽ,
പിടയുന്ന മാനവർ...
മഴ വീണ്ടും പെയ്യുമ്പോൾ
കടലാർത്തു പാടുന്നു...
ആ പാട്ടിൻ താളത്തിൽ
തിരയാഞ്ഞു  വീശുന്നു...
ആ കാറ്റിനോളങ്ങൾ
പുഴയോളമെത്തുമ്പോൾ...
എവിടെ നിന്നാണീ ഉപ്പിന്റെ കയ്പ്പ്?
ഒരു പക്ഷേ, കരയുന്ന കുടിലിൽ നിന്നാവാം!





ആൽഫിൻ ബിജു
II ബി.കോം. ഫിനാൻസ്

# ഒരു പുഴ മരിക്കുന്നതെങ്ങനെ...

മരണാസന്നയായ ഒരു നദിയുടെ എല്ലാവിധ ലക്ഷണങ്ങളും നമ്മുടെ നദികൾ കാണിക്കാൻ തുടങ്ങിയിട്ട് വർഷങ്ങളായി. മഴ പെയ്യുമ്പോൾ മാത്രം നിറയുകയും മഴ കുറയുമ്പോൾ വരളുകയും ചെയ്യുന്ന നീർച്ചാലുകൾക്ക് പുഴയുടെ സ്വഭാവം തീർത്തും ഇല്ലാതായിരിക്കുന്നു. മണലെല്ലാം പോയി വെറും ചെളി മാത്രം അടിഞ്ഞു കൂടിയ നമ്മുടെ പുഴകളെ മറ്റെന്തെങ്കിലും പേരു വിളിക്കേണ്ട അവസ്ഥയായിരിക്കുന്നു. പലവിധ താൽപര്യങ്ങളുമായി വനവും നദിയും മണലും ഭൂമിയും പങ്കിട്ടെടുത്ത മനുഷ്യൻ, ബാക്കി വെച്ച പുഴയുടെ രൂപം ഇന്നത്തെ നമ്മുടെ സംസ്കാരത്തെ വിളിച്ചറിയിക്കുന്നുണ്ട്. പ്രകൃതിയുടെ മരണം സംസ്കാരത്തിന്റെ കൂടെ മരണമാണ്.

**'പ്രകൃതിയുടെ മരണം സംസ്കാരത്തിന്റെ കൂടെ മരണമാണ്.'**

വനനശീകരണമാണ് നദികളുടെ മരണത്തിന് പ്രധാനമായ കാരണങ്ങളിലൊന്ന്. നദിയുടെ വൃഷ്ടി പ്രദേശത്തെ കാടുകൾ മുഴുവൻ വെട്ടിത്തെളിച്ച് മുന്നേറുന്ന മനുഷ്യൻ അതുകൊണ്ടുള്ള ദോഷഫലങ്ങൾ ചിന്തിക്കുന്നതേയില്ല. കൂടാതെ അണക്കെട്ടുകളും ജലസേചന പദ്ധതികളും വഴി വെള്ളം കെട്ടി നിർത്തുന്നതും, വെള്ളത്തിന്റെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുത്തുന്നതും വരൾച്ചയ്ക്ക് കാരണമാവുകയുംചെയ്യുന്നു. ഇങ്ങനെ അശാസ്ത്രീയവും ദീർഘവീക്ഷണം ഇല്ലാത്തുതുമായ പദ്ധതികൾ നമ്മുടെ സ്വഭാവിക ജലവിതരണത്തെ തന്നെയാണ് ഇല്ലാതാക്കുന്നത്.

നദികളുടെ മരണത്തിലേക്ക് നയിക്കുന്ന മറ്റൊരു പ്രധാന കാരണം മണൽ വ്യവസായമാണ്. അമിതമായ മണൽ വാരൽ നദിയുടെ സ്വഭാവിക രൂപം നശിപ്പിക്കുന്നു. പുഴകളും,



തോടുകളും കയ്യേറി പറമ്പുകളും കെട്ടിടങ്ങളും പണിയുന്ന മനുഷ്യൻ പുഴകളുടെ രൂപത്തെ തന്നെയാണ് ഇല്ലാതാക്കിയത്. ഇങ്ങനെ അറിഞ്ഞും അറിയാതെയും നാം ചെയ്യുന്ന ഓരോ ചെയ്തിയും നമ്മുടെ സംസ്കാരത്തിന്റെ മരണത്തിലേക്ക് അതായത്, നദിയുടെ മരണത്തിലേക്ക് നയിക്കുന്നു. ഒരു പുഴ നശിക്കുമ്പോൾ ഒരു ദേശം നശിക്കുന്നു. ഒരു ദേശം നശിക്കുമ്പോൾ ഒരു നാട് നശിക്കുന്നു.

പുഴയുടെ മരണം ഇന്ന് കേരളത്തിലെ മുഖ്യധാരാ ജീവിതങ്ങൾക്ക് ഒരു പ്രധാന ചിന്താവിഷയമല്ല. ആധുനിക മനുഷ്യന് പുഴ ഒരു വികാരവുമല്ല. എന്നാൽ നാം അങ്ങനെയാകരുത്. നമ്മുടെ പുഴകളും, കുളങ്ങളും, തോടുകളും സംരക്ഷിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. ഒരു കാലത്ത് നമ്മുടെ പാരമ്പര്യങ്ങളുടെയും കാർഷിക സംസ്കാരത്തിന്റെയും കേന്ദ്രമായിരുന്ന നമ്മുടെ നദികളെ മരണത്തിൽ നിന്നും കൈപിടിച്ചുയർത്തേണ്ടത് നമ്മളാണ്. അതിനായി നമുക്ക് പരിശ്രമിക്കാം. അല്ലെങ്കിൽ സംസ്കാരങ്ങളുടെ പേരു നഷ്ടപ്പെട്ട് വേരറുക്കപ്പെട്ട ഒരു ജനത രൂപം കൊള്ളുന്നതിനും നാം സാക്ഷിയാകേണ്ടി വരും. ഇന്നു മുതൽ നമുക്ക് ആഘോഷിക്കാം. പുഴയുടെ മറ്റൊരു പിറന്നാൾ ദിനം... !

# പ്രതീക്ഷ

ജോസിയ ജോർജ്ജ്
II ബി.കോം. ഫിനാൻസ്

കൈകോർത്തു നമുക്കീപുഴയുടെ
ഓരത്ത് മഴനനഞ്ഞോടിക്കളിക്കാം
ഹരിത പ്രകൃതി നിൻ നിറ പുണ്യമൊന്നാകെ
നെഞ്ചോടു ചേർത്തു വെച്ചീടാം.
ഏതു പുൽനാമ്പിനും
ഇടമുണ്ട് ഭൂമിയി-
ലെന്ന സത്യത്തെയറിയാം...
നാളേയ്ക്കു നൽകുവാൻ
വിത്തിനു വെച്ചിടാം വാനോളമുള്ള
പ്രതീക്ഷകൾ...
നമ്മളെ നമ്മളായ്
കാത്തു വെയ്ക്കുന്നൊരീ
പച്ചപ്പിനായൊത്തു പാടാം...





ഫാത്തിമ റോസ്‌ലി
II ബി.എസ്.സി. സൈക്കോളജി

# എന്ന് പുഴ



ഉടുതുണിയൂരി പുഴയിൽ ഇറങ്ങാൻ
സ്വാതന്ത്ര്യം ഇല്ലാത്തവൾക്ക്  ഇന്ന്
എഴുതാൻ കിട്ടിയ വിഷയം
' പുഴ '

കാമക്കണ്ണുകളേക്കാൾ ക്യാമറക്കണ്ണുകളെ
ഭയക്കുന്നവളുടെ  അരികിലൂടെ
ഒഴുകിയതും സംസ്കാരം വിളിച്ചോതിയ
'പുഴ '

ഒഴുകി തിമിർക്കാൻ ആഗ്രഹിച്ചവളെ
പാരമ്പര്യം പറഞ്ഞ് തടഞ്ഞവളും
'പുഴ '

എന്റെ ചിതാഭസ്മം ഒഴുകുമ്പോൾ
പതിയെ വീശണേ കാറ്റേ
അവസാനമായ്  ആദ്യമായ്  ഞാനൊന്ന്
മുങ്ങി  കുളിക്കട്ടെ!

പുഴയിൽ നനയാതെ സ്റ്റാറ്റസിൽ
തിമിർക്കുന്ന നീയാര്  ഇതുപറയാൻ?
'എന്ന് പുഴ'

# പുനർജ്ജനി...



**ജെനിറ്റിൻ ജോസഫ്**
**| ബി.ബി.എ. ഫിനാൻസ്**

പുഴയുടെ തീരത്തിരിക്കുമ്പോൾ കുളിരായിരുന്നു. അങ്ങു ദൂരെ കിഴക്കൻ ചക്രവാളത്തിൽ നിന്നുത്ഭവിച്ച് ഇങ്ങു താഴേക്കൊഴുകുന്ന പുഴ സുന്ദരിയായിരുന്നു. മലയിലെ കൽക്കെട്ടുകളിൽ തട്ടിയുടഞ്ഞ് പാൽനുര ചുരത്തുമ്പോൾ പുഴയ്ക്ക് ഏഴഴകായിരുന്നു. മൗനത്തിന്റെ ഇടനാഴികളിൽ പുഴയുടെ തീരത്തെ കരിമ്പാറപ്പുറത്തിരുന്ന് ചൂണ്ടയിട്ടുമീൻ പിടിക്കുന്ന ബാല്യത്തിന്റെ കുതൂഹലം ഓർക്കുമ്പോൾ ഉള്ളിൽ എവിടയോ ഒരു നേർത്ത നീറ്റൽ. പള്ളിക്കൂടം വിട്ടുകിട്ടുവാൻ പ്രാർത്ഥിച്ചിരുന്ന നാളുകളിൽ സ്കൂൾ വിട്ട് ഓടി എത്തിയാൽ ഒരു തുള്ളി വെള്ളം പോലും കുടിക്കാതെ അമ്മയുടെ കണ്ണുവെട്ടിച്ച് തൊടിയിൽ നുരയിടുന്ന മണ്ണിരകളെ മാന്തിപ്പിടിച്ച് ഉണങ്ങി മെലിഞ്ഞ ഓടത്തുമ്പിലെ പ്ലാസ്റ്റിക് നൂലിൽ കെട്ടിയ ചൂണ്ടക്കൊളുത്തിൽ കോർത്ത് കയത്തിലിട്ട് മൂവന്തിയോളം കാത്തിരിക്കുന്ന നിശബ്ദ നിമിഷങ്ങൾ.



ശങ്കരനും, കുട്ടിമാമനും, അഞ്ജുവേടത്തിയുമെല്ലാം കുളിക്കുന്ന കുളിക്കടവിന്റെ മേലെയുള്ള ആ ചെറിയ കയത്തിൽ ധാരാളം മീനുകളുണ്ട്. ചെറുതും വലുതുമായവ. മീൻ ചൂണ്ടയിൽ കൊത്തുന്നതും കിട്ടുന്നതും വിരളമാണെങ്കിലും സൂക്ഷ്മതയോടെയുള്ള നിശബ്ദമായ കാത്തിരിപ്പിന് ഒരു സുഖമുണ്ട്. പണ്ടൊരിക്കൽ കുട്ടിമാമനു പാമ്പുപോലെയിരിക്കുന്ന 'മനഞ്ഞിൽ' മീനിനെ കിട്ടിയത് കാണാൻ എത്ര ആളുകളാ കൂടിയത്. ഒന്നൊന്നര കിലോയോളം തൂക്കം വരുന്ന ആ മത്സ്യമാണത്രേ ഏറ്റവും രുചിയുള്ളതും ഔഷധ ഗുണമുള്ളതും

എന്ന് അമ്മാവൻ പറഞ്ഞു കേട്ടിട്ടുണ്ട്. അതു കൊണ്ടാവും, ആരൊക്കെയോ വിലയ്ക്കു ചോദി ച്ചിട്ടും കുട്ടിമാമൻ കൊടുത്തില്ല.

കുട്ടിമാമനു അന്നു മനഞ്ഞിലുമീൻ കിട്ടിയ അതേ സ്ഥലത്തു തന്നെയാണ് ഇന്ന് താനും ചൂണ്ടയിടുന്നത്. അച്ഛനോടൊപ്പം അമ്മയും സ ഹോദരിയുമായി ദൂരെ മംഗലാപുരത്ത് പുതി യതായി വാങ്ങിയ സ്ഥലത്തേക്കു പോയിട്ട് വർഷ ങ്ങളായി. ഇന്നലെ ഓണാവധിക്ക് വീട്ടിൽ വന്നപ്പോഴാണ് പഴയ ഓർമ്മകളിലേക്ക് ഒന്ന് അറി യാതെ കടന്നു പോയത്. ഇന്ന് നാടിന് ആകപ്പാടെ മാറ്റങ്ങൾ- പച്ചിലച്ചാർത്തുകൾ മുഴുവൻ കോൺ ക്രീറ്റ് സൗധങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്നു. ഇടവഴികളിൽ തുമ്പയും, തൊട്ടാവാടിയും കീഴാർ നെല്ലിയുമൊന്നുമില്ല. എല്ലാ ഇടവഴികളും ടാർ റോ ഡുകളായി തീർന്നിരിക്കുന്നു. ആകെ മാറിപ്പോയ ഗ്രാമം. മൂവന്തിയായിട്ടും ഒരു പരൽ മീൻ പോലും കിട്ടാതിരിക്കുമ്പോൾ അറിയാതെ ശപിച്ചു.

"എല്ലാത്തിനും വേണം ഒരു ഭാഗ്യോക്കെ......." അല്ല അന്നത്തെ പുഴയും ഒഴുക്കും പാൽനുരയു മൊക്കെ മാറിയിരിക്കുന്നുവല്ലോ. വെള്ളത്തിനു പോലുമില്ല ആ നിർമ്മലത. എല്ലാം സൂര്യ താപത്താൽ വറ്റിവരണ്ടിരിക്കുന്നു. ഇത്തിരി വെള്ളമുള്ളത് ഈ കുഞ്ഞു കയത്തിൽ മാത്രം.

ഓണം കഴിഞ്ഞാൽ തിരികെ മംഗലാപു രത്തേക്കു പോകണം. അതിനു മുമ്പേ ഗൃഹാതുരത്വമുണർത്തുന്ന എന്റെ ഗ്രാമത്തിന്റെ എല്ലാ ഇടവഴികളിലൂടെയും ഒന്നു ചുറ്റിക്കറ ങ്ങണം. കുരിശു പള്ളിയും, നിസ്ക്കാരപള്ളിയും, അയ്യപ്പഭജന മഠവുമെല്ലാം ഒന്നു കൂടി കാണണം. സ്ലേറ്റും പുസ്തകവുമായി ഉപ്പുമാവു വാങ്ങാൻ വരി നിന്ന പാഠശാലയുടെ പടിപ്പുരവരെയെങ്കിലും ഒന്നു പോകണം. എന്നെ ഞാനാക്കിയ എന്റെ പള്ളിക്കൂടം.

പുറത്താരോ തലോടുന്നതുപോലെ തോ ന്നിയപ്പോൾ തിരിഞ്ഞു നോക്കി. അമ്മാവൻ തന്നെ കാണാഞ്ഞിട്ട് ഇറങ്ങിയതാണത്രേ! പാറപ്പുറത്ത് തന്നോടു ചേർന്നിരിക്കുമ്പോൾ അമ്മാവൻ പ റഞ്ഞു. "ഗ്രാമം ആകെ മാറിയിരിക്കുന്നുല്ലേ... നീ എന്തിനാ ഈ പാറപ്പുറത്തിരുന്നു ചൂണ്ട യിടുന്നേ? ഇവിടെയെങ്ങും ഒരു പൂശാനെ പോലും കാണില്ല്യ... ഈ വെള്ളത്തിലെങ്ങും ഒറ്റ ജീവ ജാലങ്ങളുമില്ല."

"എന്തേ-പുഴയ്ക്കന്തുപറ്റി?" ചോദിക്കു ന്നതിനു മുമ്പേ അമ്മാവന്റെ വാക്കുകൾ നെരിപ്പോ ടുകളായി...

"മരമില്ല, മഴയില്ല, മഴത്തുള്ളികളില്ല. ജലമില്ല, നീരാ വിയില്ല..." ആകപ്പാടെ മരവിച്ച ഗ്രാമമായി ഇവിടം മാറിക്കഴിഞ്ഞിരിക്കുന്നു. ഉണ്ണി, നമ്മൾ നാടു നീങ്ങി-സ്നേഹം കൂടൊഴിഞ്ഞുപോയി. ഒഴുകി വന്ന പുഴയെ കീറിമുറിച്ച് തങ്ങളുടെ കൃഷിയിട ങ്ങളിലേക്ക് തിരിച്ചു വിട്ടിരിക്കുന്നു. രാസവളങ്ങളും, കീടനാശിനികളും, പ്ലാസ്റ്റിക്കുകളും കൊണ്ട് ഈ നാട് വികൃതമായിരിക്കുന്നു.

ആർക്കും ആരോടും ബന്ധങ്ങളില്ല, കടപ്പാടുകളില്ല, ഏവർക്കും സ്വന്തം കാര്യം മാത്രം. വയലുകളെല്ലാം മണ്ണിട്ടു നികത്തി ഫ്ളാറ്റുകൾ തീർത്തിരിക്കുന്നു. എന്റെ ഉണ്ണി ഇത്തിരി നല്ല ശ്വാ സം പോലും കിട്ടണമെങ്കിൽ അങ്ങ് ദൂരെ നിങ്ങ ളോടൊപ്പം വല്ല മംഗലാപുരത്തേക്കോ മറ്റോ പോ കേണ്ട ഗതികേടിലാ ഞങ്ങൾ.

അമ്മാവന്റെ ഹൃദയനൊമ്പരം കണ്ടപ്പോൾ അറിയാതെ വിതുമ്പിപ്പോയി ഇനിയി, ഊഷരതയിൽ നിന്നും ഉർവ്വരതയിലേക്ക് എത്ര ദൂരം...

ഇല്ല... മഴ പെയ്യണം... പുഴ ഒഴുകണം...
ഹൃദയം സ്നേഹം കൊണ്ടു നിറയണം
പോകാം - പുഴ ഒഴുകുന്ന നനുത്ത ശ്യാമ തീരങ്ങ ളിലേക്ക്... ●

# പുഴ പോലൊരു മുത്തശ്ശിക്കഥ..



ജ്യോതിസ് മരിയ സാനി
II ബി.കോം. ഫിനാൻസ്

പുഴക്കരയിലായിരുന്നു അമ്മുവിന്റെ വീട്. അച്ഛനും അമ്മയും പണിക്കു പോയാണ് കുടുംബം പുലർത്തിയിരുന്നത്. ആ സമയങ്ങളിൽ തനിച്ചിരിക്കുന്ന അമ്മുവിന് ഏക ആശ്വാസം ആ പുഴക്കര മാത്രമായിരുന്നു. പുഴയുമായി ചങ്ങാത്തം കൂടിയ അവൾ പുഞ്ചിരി എന്ന ഓമനപ്പേര് ആ പുഴയ്ക്ക് നൽകി. അവിടെ നിന്നും വരുന്ന ശുദ്ധമായ കാറ്റും വെള്ളത്തിന്റെ ഇരമ്പലുകളും ചെറുമീനുകളുടെ കുസൃതിയും എല്ലാം അവൾക്കേറെ ആനന്ദം നൽ കി. ബാല്യം ആ പുഴക്കരയിൽ അവൾ ആസ്വദിച്ചു.

അച്ഛനും അമ്മയും ചേർന്ന് നൽകിയ മധുരമായ ഓർമ്മകൾക്കു മുമ്പിൽ ഇന്നവൾ വിതുമ്പുന്നു. കാലങ്ങൾ കടന്നു പോയി. അച്ഛന്റെയും അമ്മയുടെയും ആഗ്രഹം തങ്ങളുടെ മകളെ ഒരു ഉയർന്ന സ്ഥാനത്ത് എത്തിക്കുക എന്നതായിരുന്നു. കൂലിപ്പണിക്കാരായ തങ്ങളുടെ കഷ്ടപ്പാടുകൾ അവൾ അനുഭവിക്കരുതെന്ന വാശിയോടെ അതിനായി കഠിനാദ്ധ്വാനത്തിലൂടെ അവർ അവളെ വലിയ നിലയിൽ എത്തിച്ചു.

അതിനായി അമ്മുവിന് തന്റെ 'പുഞ്ചിരി'യെ വിട്ടകലേണ്ടിവന്നു. പട്ടണത്തിലെ വലിയ കമ്പനിയിൽ ജോലി നോക്കുമ്പോൾ, പുറം കാഴ്ചകൾ കാണുമ്പോൾ, അവളുടെ ഹൃദയം തേങ്ങിക്കൊണ്ടിരിന്നു.

തന്റെ 'പുഞ്ചിരി'യുടെ ശാന്തതയോർക്കുമ്പോൾ അതിന്റെ ഓരത്തിരിക്കുമ്പോൾ കിട്ടുന്ന സമാധാനമോർക്കുമ്പോൾ പലപ്പോഴും തന്റെ ജോലി ഉപേക്ഷിച്ച് തന്റെ 'പുഞ്ചിരി'യുടെ അടുത്തെത്താൻ അവൾ കൊതിക്കുന്നുണ്ടായിരുന്നു. ഒരുപാടു നാളുകൾക്കു ശേഷം ലീവ് കിട്ടി നാട്ടിലേക്കു വരുമ്പോൾ അവളുടെ മനസ് സന്തോഷത്താൽ നിറഞ്ഞിരുന്നു. തന്റെ 'പുഞ്ചിരി'യുടെ അടുത്ത് മതി വരുവോളം ഇരിക്കാം എന്ന ചിന്തയായിരുന്നു അതിനു കാരണം.

എന്നാൽ അവൾ അിറഞ്ഞില്ല നാളുകൾ പിന്നിട്ടതിനനുസരിച്ച് തന്റെ 'പുഞ്ചിരി' ഒരു മുത്തശ്ശി കഥയായി മാറിയിരുന്നു എന്ന്....! ●






അമൽ ജോസഫ്
II ബി.കോം. ഫിനാൻസ്


മണ്ണ് മഴയോടു മനം തുറന്നു...
മഴയാകട്ടെ, കദനം കേട്ട് മനമുരുകി കരഞ്ഞു..
അടക്കിവച്ചിരുന്ന മണ്ണിന്റെ നെടുവീർപ്പുകളാണത്രേ...
മാനത്തുനിന്നുമുതിരുന്ന നീരുറവയുടെ വേരുകൾ...
സന്താപത്തിന്റെ പൊള്ളുന്ന ലാവയീ മഴയിൽ

അരുതരുതെന്നു പറയുവാനെങ്കിലും
ഇനിയും താങ്ങുവാനാകില്ല–
മനുഷ്യന്റെ സ്പർശത്തിൽ പാറും ,
ക്രൂരമാം വിനോദങ്ങൾ... !

# മഴ



ആഷിഫാ എം.
I ബി.എസ്.സി. സൈക്കോളജി



# പ്രകൃതിക്കൊരു പ്രണയലേഖനം !!

ഒത്തിരി അകലെ നിന്നു കൊണ്ട് എഴുതുന്നതിന് വീര്യം കൂടുമോ.? അറിയില്ല. ഒന്നു നന്നായിട്ടറിയാം ഞാൻ നിന്നിൽ നിന്നും ഒരുപാടകലെയാണ്. അല്ല അങ്ങനെയല്ല "നീ എന്നിൽ നിന്നും ഒരു പാടകലെയാണ്" എവിടെയാണ് നീ? തിരച്ചിലുകളും അന്വേഷണങ്ങളും പലതും ചെന്നവസാനിക്കുന്നത് നിരാശയിലാണ്. അഡ്രസ് പോലും അറിയാതെ എന്തിനാണ് ഞാൻ ഈ കത്തെഴുതുന്നതെന്ന് എന്നോടു തന്നെ ചോദിച്ചിട്ടുണ്ട് പലവട്ടം. എഴുതി തള്ളപ്പെടുന്ന ഒരു പാട് കത്തുകളിൽ ഒന്നായി ഇത് മാറരുത് എന്ന് ആഗ്രഹിക്കുന്നുണ്ട് ഞാൻ.

ഇടയ്ക്കെപ്പോഴോ വീശിയ തണുത്ത കാറ്റ് എന്റെ കാൽപാദങ്ങളിൽ സ്പർശിച്ചപ്പോൾ അറിയാതെ ഞാൻ നിന്നെ ഓർത്തുപോയി പഴയ ഓർമ്മകൾ ഓരോന്നായി അയവിറക്കാൻ തുടങ്ങി. പുൽമേടുകളിൽ കാറ്റിന്റെ അനുഭൂതിയേറ്റ് നീ നൃത്തമാടുമ്പോഴും, പക്ഷികളുടെ ശബ്ദത്തിനൊത്ത് നിന്റെ ചില്ലകൾ താളം തട്ടുമ്പോഴും കൺചിമ്മാതെ ഞാൻ നോക്കി നിന്നിട്ടുണ്ട്. ഉമ്മറക്കോലായിൽ കാതോർത്തിരുന്നിട്ടുണ്ട്. ഹൃദയത്തെ തൊട്ടു ണർത്തുന്ന ഹരിതാഭമായ നിന്റെ കുന്നുകളും മണ്ണിനെ ഈറനണിയിക്കുന്ന മലകളും എനിക്കെന്നും പ്രിയപ്പെട്ടതായിരുന്നു. ജീവജാലങ്ങളുടെ ജീവസ്പർശമായ, തലയുയർത്തി ഒഴുകുന്ന "പുഴ"യോടായിരുന്നു എനിക്കേറെ ഇഷ്ടം. മനസ്സ് ചഞ്ചലപ്പെടുന്ന നിമിഷങ്ങളിലെല്ലാം അവനായിരുന്നു എന്റെ കൂട്ട്. പുഴയോരത്ത് തനിച്ചിരിക്കുമ്പോഴും ഓളങ്ങൾ എന്നോട് കിന്നാരം പറയാറുണ്ടായിരുന്നു. ഒക്കെയും എനിക്കിന്ന് നഷ്ടമായിരിക്കുന്നു. നഷ്ടമായിടത്തു നിന്നു തുടങ്ങണം. അതെ ഞാൻ പ്രതികരിക്കാൻ പോവുകയാണ്. പേനയാണ് എന്റെ ആയുധം. മറയില്ലാതെ വെട്ടിത്തുറന്ന് പ്രതികരിക്കാനുള്ള ഏറ്റവും മൂർച്ചയുള്ള ആയുധം. വൈകിയാണെങ്കിലും നിന്നെ ഞാൻ തിരിച്ചുകൊണ്ടുവരും. നിന്റെ തിരിച്ചുവരവിനായി കൊതിക്കുന്ന ചുരുക്കം പേരിൽ ഒരാൾ. ●

**പുഴയോടായിരുന്നു എനിക്കേറെ ഇഷ്ടം. മനസ്സ് ചഞ്ചലപ്പെടുന്ന നിമിഷങ്ങളിലെല്ലാം അവനായിരുന്നു എന്റെ കൂട്ട്. പുഴയോരത്ത് തനിച്ചിരിക്കുമ്പോഴും ഓളങ്ങൾ എന്നോട് കിന്നാരം പറയാറുണ്ടായിരുന്നു.**



അമൃത പി.
I ബി. എ. ഇംഗ്ലീഷ്

# അകലുന്ന പുഴ

ഒരു കാലത്ത് പുഴ നമുക്ക് ആവശ്യത്തിലേറെ വെള്ളം തന്നിരുന്ന ഒരു ജല സ്രോതസായിരുന്നു. അന്ന് പക്ഷേ വെള്ളത്തിനാർക്കും ബുദ്ധിമുട്ട് വന്നില്ല. എന്നാൽ ഇന്ന് പുഴ മരിച്ചു കൊണ്ടിരിക്കുന്നു. കാരണം മനുഷ്യൻ തന്റേതായ സ്വകാര്യ ആവശ്യങ്ങൾക്ക് പുഴകളെ ദുരുപയോഗം ചെയ്തു. അതിലൂടെ വെള്ളം കൂടുതൽ മലിനമായി. പലർക്കും ആശ്രയമായിരുന്ന പുഴകൾ അവരവർ തന്നെ നഷ്ടപ്പെടുത്തി. ഇന്ന് വെള്ളത്തിന് വേണ്ടി ഒരു പറ്റം ആളുകൾ നെട്ടോട്ടം ഓടുന്നു. ഇന്നത്തെക്കാലത്ത് വെള്ളമെന്താണ്, വെള്ളത്തിന്റെ പ്രധാന്യമെന്താണ് എന്ന് ആർക്കും പറഞ്ഞു മനസിലാക്കി കൊടുക്കേണ്ടതില്ല. കാരണം എല്ലാ മലയാളികളും ഇന്നത് മന സിലാക്കികൊണ്ടിരിക്കുകയാണ്. ഈ കഴിഞ്ഞ വർഷങ്ങളിൽ കേരളം കൊടും വേനൽ അനുഭവിച്ചു. അന്ന് നാം മന സിലാക്കി ജലം മനുഷ്യന്റെ ജീവിതത്തിൽ എത്ര പ്രധാന പ്പെട്ടതാണെന്ന്. ഒരു തുള്ളി വെള്ളത്തിനു വേണ്ടി ജനങ്ങൾ നെട്ടോട്ടമോടി എന്നാലും പഠിച്ചില്ല കേരളം.

പുഴകൾ പണ്ടുകാലത്ത് ജീവനുള്ളവയായിരുന്നു. ഇന്നത് ഒരു ജഡവസ്തുവായി മാറിക്കൊണ്ടിരിക്കുന്നു. കൂറ്റൻ ഫാക്ടറികളിൽ നിന്ന് നേരിട്ട് കടലിലേക്കും നദികളിലേക്കും ഒഴുക്കിവിടുന്ന മലിന ജലം അതിലൂടെ തീരദേശത്തെയും, മത്സ്യ സമ്പത്തിനെയും മുറിവേൽപ്പിച്ചു. മനുഷ്യൻ വലിച്ചെ റിയുന്ന പാഴ്വസ്തുക്കളും ഫാക്റികളിൽ നിന്നുള്ള മാലിന്യ ങ്ങളും അടിഞ്ഞുകൂടിയതോടെ പുഴ കുപ്പതൊട്ടിയായി. പല നദികളും ഇന്നത്തെക്കാലത്ത് രാസ മലിനീകരണ ഭീഷണി നേരിടുന്നു. നാം തന്നെ പുഴയെ നമ്മിൽ നിന്നും അകറ്റി. നാം അറിയാതെ പുഴ നമ്മിൽ നിന്നും അകലുകയാണ്.

*" Water is one of the precious gifts In nature so don`t misuse it. Save each drops. "*

കേരളത്തിന്റെ ഹൃദയ രേഖയായ പെരിയാർ, കലയുടെ കളിത്തൊട്ടിലായ നിളാനദി, കാടുകളിൽ പിറന്ന് കായൽ പരപ്പിൽ വിലയം കൊള്ളുന്ന പമ്പ, ജലപാദങ്ങളുടെ പൊട്ടിച്ചിരി മുഴക്കുന്ന ചാലക്കുടിപ്പുഴ, കേരള ജനതയുടെ സാമൂഹ്യ ബോധത്തിൽ പരിസ്ഥിതി ചിന്തകൾ ഉണർത്തിയ ചാലിയാർ, ഓരോ പുഴയും നമ്മിലുണർത്തുന്ന ചിന്തകൾ അനുഭവങ്ങൾ അത്രമേൽ വ്യത്യസ്തമാണ്. കുടിവെള്ളത്തിനും, കൃഷിയിടങ്ങൾ നനയ്ക്കാനും സൗന്ദ്യര്യാനുഭവത്തിനുമെല്ലാം നമുക്കു പുഴ വേണം. എന്നിട്ടും പുഴകളെ നാം കൊല്ലുകയാണ്. മണൽ വാരൽ, ഫാക്ടറി മാലിന്യം ഒഴുക്കൽ എന്ന് തുടങ്ങി ഒട്ടനവധി കാര്യങ്ങൾ നാം പുഴകളോട് ചെയ്യുന്നു. താൽക്കാലിക നേട്ടത്തിനു വേണ്ടി മനുഷ്യൻ നടത്തുന്ന നദീ ചൂഷണത്തിന്റെ കാലത്തിലാണ് നാം ജീവിക്കുന്നത്. പുഴ ഇല്ലാതായതിലൂടെ വയൽ ഇല്ലാതായി. വെള്ളവും ഇല്ലാതായി. ഗ്രാമ പ്രദേശങ്ങളുടെ സംസ്കൃതിയിൽ മാറ്റം വന്നു. തങ്ങളുടെ പിതൃഭൂമികൾ കൈയ്യടക്കി കൊണ്ടിരുന്ന ആധുനിക അമേരിക്കൻ നേതൃത്വത്തിന് ഒരു റെഡ്ഇന്ത്യൻ ആദിവാസി സമൂഹം നൽകിയ സന്ദേശം ഇപ്രകാരമാണ്. ചോലകളിലും നദികളിലും ഒഴുകുന്നത് വെറും ജലമല്ല ഞങ്ങളുടെ പിതൃപരമ്പരകളുടെ രക്തമാണ്. ഞങ്ങളുടെ മുത്തച്ഛന്റെ സ്വരമാണ് നീരുറവകളുടെ മർമ്മരം. നദികൾ ഞങ്ങളുടെ കൂടെപ്പിറപ്പാണ്; അവ ഞങ്ങളുടെ ദാഹം മാറ്റുന്നു. ഞങ്ങളുടെ തോണികളെ ചുമലിലേറ്റുന്നു. ഞങ്ങളുടെ കുഞ്ഞുങ്ങളെ തീറ്റിപ്പോറ്റുന്നു. ഈ നാട് നിങ്ങളുടെതാവണമെങ്കിൽ ഒരു കാര്യം നിങ്ങൾ മനസ്സിൽ വെക്കേണ്ടതാണ്. നിങ്ങളുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കേണ്ടതുമാണ്. നദികൾ ഞങ്ങളുടെതെന്നതു പോലെ നിങ്ങളുടെയും കൂടപ്പിറപ്പാണ്. ആകയാൽ ഏതൊരു കൂടപ്പിറപ്പിനോടും കാണിക്കുന്ന ദയ നിങ്ങൾ നദികൾക്കും നൽകേണ്ടതാണ്. സ്വന്തം വീട്ടിലെ മാലിന്യങ്ങൾ സ്വയം കുഴിച്ചിട്ടും,ഫാക്ടറിമാലിന്യങ്ങൾ പുഴകളിൽ ഒഴുക്കാതെയും വെള്ളം മലിനമാക്കാതെ സംരക്ഷിക്കുക. സ്വന്തം കൂടപ്പിറപ്പെന്നപോലെ നദികൾ നമ്മെ പുതിയ മനുഷ്യരാക്കി ശുദ്ധീകരിക്കട്ടെ. നമ്മുടെ മനസ്സിലും പ്രകൃതിയിലും പുഴ പുനർജനിക്കട്ടെ. പ്രകൃതി നമ്മുടെ അമ്മ എന്ന് കരുതി എല്ലാ പുഴകളെയും നമ്മുടെ കൂടപ്പിറപ്പെന്നപ്പോലെ സംരക്ഷിക്കുക. ●



# ഓർമ്മതൻ നീരരുവി



ജ്യോതിസ് മരിയ സാനി
II ബി.കോം. ഫിനാൻസ്



ബാല്യകാലത്തിൻ ഓർമ്മയിൽ
ഞാനിന്നു നീന്തിത്തുടിക്കുന്നു
എന്നമ്മയുടെ കൈയ്യും പിടിച്ച്
പുഴയുടെ മാറിൽ നീന്തിത്തുടിച്ച നേരം
എൻ മനസിൽ നൃത്തമായ് വിരുന്നുകാരിയായ്
മിന്നിമറയുന്ന പുഴയുടെ സൗന്ദര്യ തീരങ്ങൾ
നുരഞ്ഞു പതയുന്ന അവളുടെ ഭാവങ്ങൾ...
ഞാനിന്നുമോർത്തു കൊതിക്കുന്നു...
മനുഷ്യമനസിനു ശാന്തിയേകാൻ തണലേകാൻ
അവളിന്നും കൊതിക്കുന്നു...
പക്ഷെ അവന്റെയുള്ളിൽ ഇന്നവളോടു
കുന്നോളം പക മാത്രം...
ഫ്ളാറ്റിൽ തളച്ചിട്ട ഇന്നെൻ യൗവ്വനത്തിൽ
ചിറകുവിടർത്തുന്ന ഓർമ്മയായ്, മിത്രമായ്
അവളിന്നെന്നെ നോക്കി പുഞ്ചിരി തൂകിടുന്നു...



**ഏയ്ഞ്ചൽ പി. ഏലിയാസ്**
**I ബി. എ. ഇംഗ്ലീഷ്**






തിരിച്ചു തരുമോ എനിക്കെന്റെ കാടുകൾ
എനിക്കെന്റെ പുഴകളും വേരുകളും
എങ്കിൽ നിന്നെ കാത്തിടാം
എന്നുറപ്പേകി പ്രകൃതി തെളിഞ്ഞു
ഓരോ ദുരന്തവും–
ഒരു വിചിന്തനമാവട്ടെ
പ്രകൃതി സംരക്ഷണവും,
ജീവന്റെ സുരക്ഷയും ഓർത്തിടട്ടെ

ഉള്ളതിനെ നശിപ്പിക്കാതെ
ഇനിയും നശിക്കാതെ
ശ്വാസവും ജീവനുമായ നിന്റെ
അമ്മയാം പ്രകൃതിയെ
സ്

തെന്നലായി വീശിയിരുന്ന.. സ്           യി തലോടിയിരുന്ന..
മനസ്സിനെ കുളിരണിയിച്ച ആ ഇളം കാറ്റിതെങ്ങ്       യി..
വേനൽ വിട്ട്
കർഷകനെ സ്             ുളിർമഴയിതെങ്ങ്       യി..



ഇല്ലിപ്പോഴില്ല സ്
കുളിരും തളിരും തലോടലും
ഉള്ളതിന്നു പെയ്       യിഴാത്ത മഴയും
ഭൂമിയിൽ ദുരിതങ്ങളും
ഏറെയായി വേദനിച്ചിരുന്ന മനസ്സിന്റെ –
നീറ്റലും പ്രതികാരവും കണക്കെ,
ദുരന്തവും കാറ്റും  മഴയുമായി–
പ്രകൃതി മാനവനെതിരെ തിരിയുന്നു.

ഞാൻ നശിപ്പിച്ചി ഭൂമിയിൽ
പ്രകൃതിയുടെ നിഷേധ നിശ്വാസമേറ്റ്
വെറുമൊരു തുമ്മലേറ്റ്
മാനവർ തളർന്നുലഞ്ഞു.

ഓർത്തിടുന്നു മനുഷ്യാ,
നീ വസിക്കുന്നീ കെട്ടിട പട്ടണങ്ങൾ–
ഒരിക്കലെൻ തണൽമരങ്ങൾ വിരിച്ച,
കുളിർക്കാടായിരുന്നെന്നും
ഓർത്തിടുന്നു  മനുഷ്യാ–
നീ കാൽച്ചുവട്ടിലാക്കിയ പ്രദേശത്ത്
നനവു തോരാത്തൊരു പുഴ
എനിക്കുണ്ടായിരുന്നെന്നും, പ്രകൃതി വിങ്ങി

# നിളയോരത്ത്



**അഞ്ജലി തങ്കച്ചൻ**
**II ബി.കോം. ഫിനാൻസ്**



കേരളസംസ്കാരത്തിന് ഏറ്റവും അധികം സംഭാവന നൽകുന്ന നദിയേതാണെന്നു ചോദിച്ചാൽ നമുക്കു നിസംശയം പറയാൻ സാധിക്കും അത് ഭാരതപ്പുഴയാണെന്ന്. നിളയെന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന ഈ നദി മലയാള സാഹിത്യത്തിലും ഒട്ടേറെ മലയാളികളുടെ ജീവിതത്തിലും ചെലുത്തിയിരിക്കുന്ന സ്വാധീനം ചെറുതൊന്നുമല്ല. പശ്ചിമഘട്ടത്തിൽ നിന്നുത്ഭവിച്ച് അറബിക്കടൽ വരെ ഏകദേശം 209 കിലോമീറ്റർ ദൂരം താണ്ടുന്ന ഈ നദി കേരളത്തിലെ തന്നെ 2-ാമത്തെ വലിയ പുഴയാണ്.

വെറുമൊരു നദി എന്നതിലുപരി കേരളത്തിന്റെ സാംസ്കാരിക ചിഹ്നങ്ങളിലൊന്നാണ് നിള. ഒഴുക്കുനിലയ് ക്കാത്ത നിള, കുളിയും ജപനിഷ്ഠയുമുള്ള ഒരു ജനതയെ ഇങ്ങോട്ട് ആകർഷിച്ചിരിക്കാം. അങ്ങനെയാവാം കലാപാരമ്പര്യമുള്ളവരുടെ ജനവാസം ഇവിടെ ഇരുകരകളിലുമായി ഉടലെടുത്തത്. അവരുടെ പിൻതലമുറക്കാരും തായ്‌വഴികളുമായി ഒരു കൂട്ടം കലാ സാഹിത്യനിപുണൻമാർ ഈ മണ്ണിൽ പിറവികൊണ്ടു. കുഞ്ചൻ നമ്പ്യാർ ,എഴുത്തച്ഛൻ മുതൽ പല ആധുനിക എഴുത്തുകാരും നിളയുടെ തീരത്താണ് ജനിച്ചുവളർന്നത്. എം .ടി വാസുദേവൻ നായർ, എം. ഗോവിന്ദൻ, വി. കെ എൻ തുടങ്ങിയവർ ഈ ഗണത്തിൽപ്പെടുന്നു. കേരളത്തിലെ രംഗ- നാട്യകലകളുടെ കേദാരമായ കേരളകലാമണ്ഡലം നിളയോരത്താണ്. 1930-ൽ വള്ളത്തോൾ നാരായണമേനോനും മണക്കുളം മുകുന്ദരാജയും ചേർന്ന് ഈ സ്ഥാപനത്തിന് രൂപം കൊടുക്കുമ്പോൾ ഒരു പക്ഷേ അവർ ചിന്തിച്ചുകാണും ഇതിലും അനുയോജ്യമായ മറ്റൊരു സ്ഥലം വേറെയേതാണെന്ന്! കാരണം കലയും സംസ്കാരവും രൂപം കൊണ്ടിടം തന്നെയാണ് അവയുടെ പഠനത്തിനും ഏറ്റവും ഉത്തമം. നിളയെ ഭാഷയുടെയും സംസ്കാരത്തിന്റെയും അനസ്യൂതപ്രവാഹമായി കണ്ടുകൊണ്ട് 'ഇവനെക്കൂടി ' എന്ന കവിതയിൽ സച്ചിദാനന്ദൻ എഴുതിയ വരികൾ വളരെ പ്രസിദ്ധമാണ്.

"ഇവനെക്കൂടി സ്വീകരിക്കുക ഹേമന്തത്താൽ
മെലിഞ്ഞ കുളിർനീരിൻ കൈകളാൽ നിളാനദി..."



ഇവിടെ ഇവൻ മറ്റൊരാരുമല്ല, മഹാകവി വൈലോപ്പള്ളിയാണ്. ഭാരതപ്പുഴയുടെ തീരത്തായിരുന്നല്ലോ വൈലോപ്പള്ളിയുടെ ഭൗതിക ശരീരം ദഹിപ്പിച്ചതും മറ്റും. അദ്ദേഹത്തിന്റെ ഭൗതികശരീരം ഏറ്റുവാങ്ങുവാൻ മാത്രമുള്ള വിശുദ്ധി നിളയ്ക്കുണ്ടെന്ന് പറയാതെ പറയുകയാണ് സച്ചിദാനന്ദൻ. ഇവിടെ ദഹിപ്പിച്ച പ്രശസ്തരിൽ ഒ. വി. വിജയനും വി. കെയെന്നും ഉൾപ്പെടുന്നു. ഭാരതപ്പുഴയുടെ തീരങ്ങളിലൂടെ 'നിത്യകന്യകയെത്തേടി ' അലഞ്ഞ പി കുഞ്ഞിരാമൻനായരെയും സാഹിത്യലോകത്തിൽ നമുക്കു കാണാൻ സാധിക്കും .

നിളാതീരത്തിനടുത്തുള്ള തിരുവില്വാമലയിലെ ഐവർമഠം ഹിന്ദുക്കളുടെ ഒരു വിശുദ്ധ ശ്മശാനമാണ്. നിളയുടെ തീരത്ത് ദഹിപ്പിക്കുന്നവർക്ക് ശാപമോക്ഷം ലഭിക്കുമെന്നാണ് പഴമൊഴി. കർക്കിടകവാവിന് പിതൃക്കൾക്ക് മക്കൾ പിതൃതർപ്പണം നടത്തുന്ന സ്ഥലങ്ങളിൽ പ്രധാനവുമാണ് നിളാതീരം. കേരളത്തിന്റെ സാംസ്കാരിക കേന്ദ്രങ്ങളായി അറിയപ്പെടുന്ന തിരുവില്വാമല, ഒറ്റപ്പാലം, കുറ്റിപ്പുറം, തിരുനാവായ, തുഞ്ചൻപറമ്പ് എന്നിവയെല്ലാം നിളാതീരത്താണ്.

കേരളത്തിലെ പ്രകൃതിഭംഗി പ്രദേശമാണ് നിളാതീരം . അതുകൊണ്ടുതന്നെ സമകാലീന സിനിമകളിൽ ഈ പ്രദേശം വളരെയധികം രംഗങ്ങളിൽ ദൃശ്യവൽക്കരിക്കപ്പെടുന്നു. ഇവിടുത്തെ വൈകുന്നേരങ്ങളും സ്വർണ്ണവെയിലേറ്റ് തിളങ്ങുന്ന ആറ്റുവഞ്ചികളുമെല്ലാം കണ്ണിനെ കുളിരണിയിപ്പിക്കുന്ന കാഴ്ചയാണ്. വേനൽകാലങ്ങളിൽ വെള്ളം വറ്റി മണൽപരപ്പാകുമ്പോഴും നിളയുടെ സൗന്ദര്യത്തിന് മാറ്റ് കുറയാറില്ല. മഴക്കാലങ്ങളിൽ വീണ്ടും തന്റെ പഴയപ്രതാപത്തിലേക്ക് തിരിച്ചെത്തുന്ന ഭാരതപ്പുഴ മനസിൽ കാൽപനികത സൂക്ഷിക്കുന്നവരുടെ ഇഷ്ടകേന്ദ്രമാണ്. എന്നാൽ ഇന്ന് ഈ നിളയുടെ വിശുദ്ധിയും സംസ്കാരവും പഴയതുപോലെ കാത്തുസൂക്ഷിക്കാൻ നമ്മുക്കു കഴിയുന്നുണ്ടോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

"അമ്പ പേരാറെ നീ മാറിപ്പോമോ
ആകുലയാമൊരഴുക്കു ചാലായ്...?"

എന്ന് ഇടശ്ശേരി അറുപതു വർഷങ്ങൾക്കു മുമ്പ് 'കുറ്റിപ്പുറം പാലം' എന്ന കവിതയിൽ പാടിയിരുന്നു. അറുപതു വർഷങ്ങൾക്കുശേഷം നിളയുടെ ഇന്നത്തെ അവസ്ഥവെച്ച് നോക്കുമ്പോൾ ഈ കവിത ഒരു പ്രവാചകന്റെ വചനങ്ങളായിരുന്നുവെന്ന് സംശയമില്ല. നിളയുടെ ദൈന്യ ത ഇന്ന് നമുക്കെല്ലാവർക്കുമറിയാം. മണലുവാരി, വരണ്ട്, പുല്ലുകേറി വളർന്ന് ഇടശ്ശേരി ഭയപ്പെട്ടതുപോലെ ഒരു അഴുക്കുചാലായി മാറിയിരിക്കുന്നു.

കാലത്തിനനുസരിച്ച് മാറ്റങ്ങൾ അനിവാര്യമാണ്. ഒരു മാറ്റവും വേണ്ടന്നുവെയ്ക്കാൻ നമുക്കാവില്ല. എന്നാൽ ആ മാറ്റങ്ങളിൽ പെട്ട് നമ്മുടെ വിലപ്പെട്ടതു പലതും നഷ്ടപ്പെട്ടാൽ അവിടെ ആ മാറ്റങ്ങൾ നിഷ്ഫലമായി പോകും. അതുകൊണ്ട് നമ്മുടെ സംസ്കാരത്തിന്റെയും വളർച്ചയുടെയും അടിസ്ഥാനമായ നിളയെ അതിന്റെ പാരമ്പര്യത്തോടും വിശുദ്ധിയോടും കൂടെ നമുക്കു കാത്തു സൂക്ഷിക്കാം. കാരണം പുഴ നമ്മുടെ പൂർവ്വികരെ ആകർഷിച്ചതുപോലെ ഈ നിളയോരം നാളെ നമ്മുടെ വരും തലമുറയേയും ആകർഷിക്കുന്നതിനുവേണ്ടി....! ●


STUDY
ABROAD
WITH / WITHOUT IELTS
MANAGEMENT | MEDICINE | I.T
ENGINEERING | PHARMACY | ARTS
- Diploma/UG/PG/PhD Courses
- Affordable Tuition Fee
- High Quality of Education
- Top Ranking Universities
- Part Time Job Opportunities
- Scholarship Available
FREE EDUCATION IN
ITALY & AUSTRIA
- No Fees
- Up to 5000 EUR/ year Stipend
- 20hrs/week Work Permit
Haven
Overseas
Near St. Thomas Chapel, Thiruvambady, Calicut
Phone: +91 8606 828 009 | +91 8606 528 009
Website: www.havenoverseas.com
MIGRATION AVAILABLE TO
CANADA & AUSTRALIA



കണ്ടത്തിൽ എർത്ത് മൂവേഴ്സ്
വാലില്ലാപ്പുഴ
HITACHI
JCB
ജെ.സി.ബി, ഹിറ്റാച്ചി, കമ്പ്രസർ, ടിപ്പർ
TATA 20, 70,110,120 | JS 81, 120, 140, 220
മുതലായവ കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് കൊടുക്കുന്നു.
ഷാജി കണ്ടത്തിൽ: 9946122160
ഇരുപതിൽപരം വർഷത്തെ പ്രവർത്തന പാരമ്പര്യം
റബ്ബർകുഴികൾക്ക് പ്രത്യേകം പരിശീലനം ലഭിച്ച ഓപ്പറേറ്റേഴ്സ്



65
YEARS
Since 1954
Grand
Opening
soon
Jose Brothers
WEDDING CENTRE
Jose Brothers
Jose Brothers
WEDDING CENTRE
4US Plaza, Opp. Bharat Petrol Pump, Kozhikode Road, THIRUVAMBADY

ശാന്തതയുടെ തീരങ്ങൾ
ഉയിർകൊള്ളട്ടെ...



നന്മയുടെ നാളുകൾ
വിടരട്ടെ...





**ഉമ്മു ഹബീബ**
**II ബികോം. ഫിനാൻസ്**

# ജനനിയോട്...

വേനലിനു കുട ചൂടിയൊരാ തരുവിന്റെയും
വൃഷ്ടിക്കു കനകച്ചിലങ്കയണിഞ്ഞൊരാ അരുവിയുടെയും,
ഗഹനത്തെ തഴുകിയുണർത്തുന്ന അനിലന്റെയും,
ഗഗനത്തിൽ രജനിയിലുണരുമാ തിങ്കളിന്റെയുമുള്ളിൽ–
അഗ്നി പോൽ ജ്വലിച്ചൊരാ രോക്ഷം–
ജനനീ  നിൻ നിണമണിഞ്ഞയീ–
തനുവിലെയൊടുവിലെ അസ്ഥിയുമിളക്കിയ
നീചനാം മനുഷ്യമൃഗങ്ങളോടായിരുന്നു...
ഹേ ധരിത്രീ നീയറിഞ്ഞുവോ...?
നിൻ മൃത്യുവിനായ് തുനിഞ്ഞിറങ്ങിയ
മർത്യൻ നശിപ്പിച്ചു കൊണ്ടിരിക്കുന്നയോരോ
പുഴകളും നിൻ രക്തവാഹിനികളായിരുന്നുവെന്ന്...
അവൻ നിൻ കന്ധരത്തിൽ നിന്നും
ഒടുവിലത്തെത്തുള്ളിച്ചോരയും  ഊറ്റിക്കുടിക്കുവാൻ–
കാത്തിരിക്കുന്നൊരു രക്തരക്ഷസായിരുന്നെന്ന്...
നിൻ ഹൃദയമാം മലകൾ മാന്തിത്തുരന്നും
കോൺക്രീറ്റു സൗധങ്ങളാൽ കുത്തിനോവിച്ചും
പ്ലാസ്റ്റിക് മാലിന്യങ്ങൾ തീറ്റിച്ചും,
നിന്നെ നികൃഷ്ടമാക്കാനൊരുങ്ങും
മാനവന്റെ ഉന്മാദത്തിനിരയായി നീസർവ്വഥാ...
നിൻ വ്യഥകളും കദനങ്ങളും നിന്നിലൊതുക്കുമ്പോൾ
നിനക്കഭിമാനിക്കാം .. നീ സഹനത്തിന്റെ സാഗരമായിരുന്നെന്ന്...
അതേ നിന്നോളം ക്ഷമ ധരിത്രീ നിനക്കുമാത്രം...

# നദീക്രോധം



**അഭിലാഷ് ബെന്നി**
**I ബി.ബി.എ. ഫിനാൻസ്**

തന്നെ കളങ്കപ്പെടുത്തിക്കൊണ്ടിരുന്ന മനുഷ്യനോടു
പ്രതികാരം ചെയ്യുകയാണീ നദി
ആയിരം ജീവൻ നിലനിർത്താനുമൊരു
താങ്ങായിരുന്നു നീ നദീ...

നൂലിഴയോളം ചെറുതാക്കിക്കളഞ്ഞ നദിയിന്ന്
കടലോളം ക്രോധത്താൽ തിരയോളം ആഞ്ഞടിക്കുന്നു.
പ്രതികാര താണ്ഡവമാടുന്ന നദിയിനി
തരുമോ ഞങ്ങൾക്കൊരവസരം കൂടി.

ജീവൻ നിലനിർത്താൻ വേണ്ടി കുടിച്ച നദീ-
ജലമിന്ന് മാനവരെ കുടിക്കുന്നു നിർദ്ദയം
സർവ്വം സഹിക്കാനിനി കഴിയില്ല
സർവ്വസംഹാര രൂപിണിയാണവൾ



# പുഴ പോയി...



**ബിനോൾ തങ്കച്ചൻ**
**I ബി. എ. ഇംഗ്ലീഷ്**

പുഴ പോയി മഴ പോയി
പുളിനങ്ങളിൽ  നേർത്ത
ജല മർമ്മരത്തിന്റെ ചേലു പോയി
ഹരിതാഭ പൊയ്പ്പോയ്
സുഗന്ധവും കുളിരുമായ്  .
ഒരു തെന്നലെത്താത്ത കാലമായി.
കരിമേഘമില്ലാത്ത പകലുപോൽ
കനകാഭ ചൊരിയുന്ന
നക്ഷത്ര മണ്ഡലം പോൽ
ഒരു സ്വപ്നമുണ്ടുള്ളിൽ അതുമാത്രമാണിനി
വിപണനം ചെയ്യുവാൻ ഏക വസ്തു
കുളി മറക്കാം കൊച്ചു കൂട്ടരേ, നമ്മൾക്കു
കുളിയും കളിയും മറന്നിരിക്കാം...
കുടി നീരിനായ് കുമ്പിൾ കുത്തിയ കൈയ്യുമായ്
തെരുവു തോറും നടന്നിരന്നീടാം
ഗതിമാറിയൊഴുകട്ടെ പമ്പയെന്നാലെന്തു
ഗതി നമ്മൾ മുന്നോട്ടൊഴുക്കയല്ലേ
തലതിരിഞ്ഞാലെന്തു തലയില്ലെങ്കിലെന്താ-
യറിയില്ലവയുടെ വകഭേദം
ഒരു കൈക്കുടന്ന തെളിനീരുമായ്
കടവിൽ ഒരു മാത്രയിങ്ങനെ  നിന്നിടുമ്പോൾ
പിറകിൽ നിന്നാരോ വിളിച്ചു ചൊന്നീടുന്നു
വില തന്നു വേണം ജലമെടുക്കാൻ
അതുകേട്ട് ഞെട്ടിത്തെറിച്ചു കയ്യിൽ നിന്നു
ജലമത്രയും വീണു ചിതറിടുമ്പോൾ...



മുഹമ്മദ് അനസ്
III ബി.കോം. ഫിനാൻസ്

# കാമുകിയെ അത്രമേൽ ദ്രോഹിച്ചു കാണണം... ഇല്ലെങ്കിൽ കാമുകൻ ഇത്ര മേൽ കരയില്ലായിരുന്നു...

പാരിസ്ഥിതിക പ്രശ്നങ്ങളിൽപ്പെട്ട് കേരളം ഇന്ന് നട്ടം തിരിയുകയാണ്. 'മനുഷ്യന്റെ ഭൗതികമായ സാഹചര്യങ്ങളിലുള്ള വികാസമാണ് മാനവ പുരോഗതി' എന്ന തത്വമാണ് ഇതിന് കാരണം. തന്റെ അടിസ്ഥാന ആവശ്യങ്ങൾക്കുപരി ആർഭാടങ്ങളിലേക്ക് മനുഷ്യൻ ശ്രദ്ധ തിരിക്കുമ്പോഴുണ്ടാകുന്ന ഉപഭോഗാസക്തിയെ തൃപ്തിപ്പെടുത്തുവാൻ മനുഷ്യൻ പ്രകൃതിയെ ചൂക്ഷണം ചെയ്യുക തന്നെയാണ്. പ്രകൃതിയെ ചൂക്ഷണം ചെയ്യുക എന്ന ആശയം പാശ്ചാത്യമാണ്. 'വൻതോതിലുള്ള ഉൽപാദനത്തിന് വൻതോതിലുള്ള ചൂക്ഷണം' എന്നതിന്റെ ഫലമായി ഗുരുതര പ്രതിസന്ധിയിലാണ് പരിസ്ഥിതിയിപ്പോൾ.

ലോകം നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്നാണ് പാരിസ്ഥിതിക പ്രശ്നങ്ങൾ. മനുഷ്യന്റെ നിലനിൽപിന് തന്നെ അവ ഭീഷണി ഉയർത്തുന്നു. ഈയൊരു പ്രതിസന്ധി ഘട്ടത്തിൽ പരിസ്ഥിതി പ്രശ്നങ്ങൾ സമഗ്രമായി പഠിക്കുകയും, പ്രശ്നപരിഹാര മാർഗങ്ങൾ കണ്ടെത്തുകയുമാണ് നമ്മുടെ സാമൂഹിക ഉത്തരവാദിത്വം.



സംസ്കാരം ജനിക്കുന്നത് മണ്ണിൽ നിന്നാണ്. മലയാളത്തിന്റെ സംസ്കാരം പുഴയും, വയലും, ജീവജാലങ്ങളും, മനുഷ്യരുമെല്ലാം ഉൾപ്പെടുന്നതാണ്. എന്നാൽ ഇന്നത്തെ നമ്മുടെ സംസ്കാരം ഭൂമിയെ മലിനപ്പെടുത്തുന്നു. കാടിന്റെ മക്കളെ കുടിയിറക്കുന്നു. കാട്ടാറുകളെ കൈയ്യേറി, കാട്ടുമരങ്ങളെ കട്ട് മുറിച്ച്, മരുഭൂമിക്ക് വഴിയൊരുക്കുന്നു.

സംസ്കാരത്തിന്റെ ഗർഭപാത്രത്തിൽ പരദേശിയുടെ വിഷവിത്ത് വിതച്ചുകൊണ്ട് ഭോഗാസക്തിയിൽ

കലാരംഗത്ത്, കായികരംഗത്ത്, സാഹിത്യലോകത്ത്, കഴിവുകൾകൊണ്ട് പ്രതിഭ തീർക്കുന്നവർ, പ്രകടനം കൊണ്ട് കൈയ്യൊപ്പ് ചാർത്തുന്നവർ. അവരെത്തേടിയുള്ള യാത്രയിൽ അൽഫോൻസ കോളേജിലെ ബി. ബി. എ വിദ്യാർത്ഥികൾ ചെന്നെത്തിയത്, മലയോര മേഖലയിലെ പ്രശസ്തയായ, വലിയൊരു കായികതാരത്തിലേക്കാണ്. ഓടി ഓടി ഒരുപാട് റെക്കോഡുകൾ ഭേദിച്ച, ഇന്ത്യക്കുവേണ്ടി സ്വർണ്ണം കൊയ്യണമെന്ന അദമ്യമായ ആഗ്രഹത്തോടെ, അതൊരു ജീവിത ലക്ഷ്യമാക്കി മുന്നേറുന്ന അപർണ റോയ്...

● കേരളത്തിലെയെന്നല്ല.. ഇന്ത്യയിലെ തന്നെ അറിയപ്പെടുന്ന ഒരു കായിക താരമായി അപർണറോയ് ഇന്നു മാറിക്കഴിഞ്ഞിരിക്കുന്നു. ഈയൊരു ഉന്നതിയിൽ എത്തിനിൽക്കുമ്പോൾ എന്താണ് മനസിൽ തോന്നുന്നത്?

വലിയൊരു നിലയിലാണ് ഞാൻ എന്നു വിചാരിക്കുന്നില്ല. ഇതുവരെ ലഭിച്ച റെക്കോർഡുകളെല്ലാം ദൈവാനുഗ്രഹം ആണെന്നു വിശ്വസിക്കുന്നു... ഇതുവരെ നടന്നിട്ടുള്ളതെല്ലാം ജൂനിയർ മീറ്റുകൾ ആണ്. സീനിയർ ലെവലിൽ ഉള്ള മീറ്റുകൾ ഒരുപാട് അഭിമുഖീകരിക്കേണ്ടതുണ്ട്. ഇപ്പോൾ ഞാൻ ജസ്റ്റ് സീനിയർ ലെവലിലുള്ള മീറ്റുകൾ ആരംഭിച്ചിട്ടേയുള്ളു... അപ്പോൾ അവിടുന്നു കിട്ടുന്ന മെഡലുകൾക്കും അംഗീകാരങ്ങൾക്കുമാണ് കൂടുതൽ വാല്യൂ... എന്നിരുന്നാലും ഇതുവരെ ലഭിച്ചതിലെല്ലാം അതിയായ സന്തോഷവും, ദൈവത്തോട് നന്ദിയും ഉണ്ട്.

● അപർണയുടെ ഉള്ളിൽ ഒരു ഓട്ടക്കാരിയുണ്ട് എന്നു തിരിച്ചറിഞ്ഞതെപ്പോഴാണ്? ആരിൽ നിന്നുമാണ് ഈ പ്രചോദനം ഉൾകൊണ്ടത് ?

അമ്മ പണ്ട് സ്പോർട്സ് ചെയ്യുമായിരുന്നു... സ്കൂളിൽ സ്പോർട്സ് നടക്കുമ്പോൾ ആദ്യമൊക്കെ ഞാൻ മാറിനിൽക്കുമായിരുന്നു. എന്നിട്ട് അക്ക് കളിക്കുമായിരുന്നു. ആ സമയത്ത് ഞാൻ വളരെയധികം മെലിഞ്ഞിട്ടായിരുന്നു. അപ്പോൾ.. ടീച്ചർമാരൊക്കെ പറഞ്ഞു മെലിഞ്ഞിട്ടല്ലേ നിനക്ക് ഓടാൻ സാധിക്കും എന്ന്. ഞാൻ അങ്ങനെ ആദ്യ

മായി ഗ്രൗണ്ടിൽ ഇറങ്ങി. ഞാൻ പഠിച്ചത് കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് എൽ.പി സ്കൂളിലായിരുന്നു. അവിടുത്തെ ഹെഡ് മാസ്റ്ററായിരുന്ന ജോർജ് സാറും, ജാൻസി ടീച്ചറും, ബൈജു സാറുമൊക്കെ നൽകിയ പ്രചോദനത്തിൽ ഇന്നും ഓടിക്കൊണ്ടിരിക്കുന്നു. ആ ഗുരുഭൂതരുടെയെല്ലാം അനുഗ്രഹം അത്രമാത്രം വലുതായിരുന്നു.

● കായികയാത്രയിൽ ആരിൽ നിന്നുമാണ് പരിശീലനം നേടുന്നത്? പരിശീലകരിൽ ആരെയാണ് ഗുരുസ്ഥാനത്ത് കാണുന്നത്?

ഇപ്പോൾ ഞാൻ പുല്ലൂരാംപാറ മലബാർ അക്കാദമിയിലെ ടോമി സാറിന്റെ കീഴിലാണ് പരിശീലനം നേടുന്നത്. ആറാം ക്ലാസ്സുവരെ ഞാൻ കൂടരഞ്ഞിയിൽ ആണ് പഠിച്ചത്. ആ സമയത്തൊക്കെ വല്ലപ്പോഴുമായിരുന്നു പുല്ലൂരാംപാറ പ്രാക്ടീസിനു പോയിരുന്നത്. ഏഴാം ക്ലാസിൽ പുന്നക്കൽ സ്കൂളിലേക്ക് മാറിപ്പോയപ്പോൾ, അവിടെ നിന്നുമാണ് പുല്ലൂരാംപാറയിൽ സ്ഥിരമായി കോച്ചിംഗിനു പോയി തുടങ്ങിയത്. അത് അങ്ങനെ തുടർന്നു പോയി... ഇപ്പോഴും പോയികൊണ്ടിരിക്കുന്നു.




കോച്ചിംഗിനു പോകാൻ എപ്പോഴെങ്കിലും മടി തോന്നിയിട്ടുണ്ടോ?

പിന്നേ... എന്നും രാവിലെ എണീക്കാൻ നല്ല മടിയാണ്. രാവിലെ നല്ല തണുപ്പ് ഒക്കെയാണെങ്കിൽ പുതച്ചു മൂടികിടക്കാൻ നല്ല സുഖമാണ്. പക്ഷേ അപ്പോഴും മനസ്സിൽ വിചാരിക്കും മീറ്റ് ഉണ്ടല്ലോ എന്നും, ഒന്നും സെറ്റ് ആയില്ലല്ലോ എന്നുമൊക്കെ... അപ്പോൾ തന്നെ എണീറ്റു പ്രാക്ടീസിനു പോകും. പിന്നെ എന്നും അമ്മ വന്നു രാവിലെ വിളിക്കും പ്രാക്ടീസിനു പോകാൻ എണീക്കുവാൻ...

● എന്നാണ് ആദ്യമായി അപർണ ട്രാക്കിലേക്ക് വന്നത്. ഏതു പ്രായത്തിലായിരുന്നു?

ഞാൻ ഒന്നാം ക്ലാസ് മുതൽതന്നെ സ്പോർട്സ് ചെയ്യാൻ തുടങ്ങിയതാണ്. ആ സമയത്ത് സബ്ജില്ലയിലൊക്കെ പോയിരുന്നു. പക്ഷേ സീരിയസ് ആയി ചെയ്യാൻ തുടങ്ങിയത് ഇപ്പോഴാണ്. അന്നൊക്കെ ചെറിയ ഒരു ട്രോഫി കിട്ടിക്കഴിയുമ്പോൾ പറഞ്ഞറിയിക്കാൻ വയ്യാത്ത സന്തോഷമായിരുന്നു. അതൊക്കെ കിട്ടുന്നതെല്ലാം ശരിക്കും ലോട്ടറിയായിരുന്നു. കാരണം എന്താണന്നുവെച്ചാൽ നമുക്ക് യാതൊരു പ്രതീക്ഷയും ഇല്ല. മാത്രമല്ല സ്പോർട്ട്സിനെക്കുറിച്ച് ശരിക്കു ധാരണയോ അറിവോ ഒന്നും തന്നെയില്ല. അപ്പോൾ ചുമ്മാ ഓടുന്നു. എന്തെങ്കിലും പ്രൈസ് കിട്ടിയാൽ പറഞ്ഞറിയിക്കാൻ സാധിക്കാത്ത സന്തോഷമാണ് അന്നു ലഭിച്ചത് . എട്ടാം ക്ലാസ്സ് വരെയൊക്കെ അങ്ങനെതന്നെയാണ് പോയിരുന്നത്. അതിനുശേഷമാണ് സ്പോർട്സ് എന്താണെന്നൊക്കെ ശരിക്കും മനസി




ലായത്. ഇപ്പോഴാണ് ശരിയ്ക്കും സീരിയസ് ആയിട്ടുള്ള പക്വത ഒക്കെആയതെന്ന് തോന്നുന്നു. അന്നത്തെ കാര്യങ്ങൾ ഒക്കെ ഇന്ന് ആലോചിക്കുമ്പോൾ അവയാക്കെ മധുര ഓർമ്മകളാണ്.

● ഇതുവരെ അപർണ നേടിയെടുത്ത റെക്കോർഡുകൾ ഏതൊക്കെയാണ് ?

ഞാൻ മെയിൻ ആയിട്ട് ചെയ്യുന്ന ഐറ്റംസ് 100 മീറ്റർ, ഹർഡിൽസ് എന്നിവയാണ്, അതായത് അസോസിയേഷൻ മീറ്റ് ആണെങ്കിൽ 2 ഐറ്റംസ്, സ്കൂൾ ഇവന്റ്സ് ആണെങ്കിൽ മൂന്ന് എണ്ണത്തിൽ പങ്കെടുക്കാൻ സാധിക്കും . അപ്പോൾ ഞാൻ 100 മീറ്റർ, 200 മീറ്റർ, ഹർഡിൽസ് എന്നിവ ചെയ്യും. സബ് ജൂനിയർ സ്കൂൾ സ്റ്റേറ്റ്, ജൂനിയർ സ്റ്റേറ്റ്, സീനിയർ സ്റ്റേറ്റ് എന്നിവയിലും നാഷണലിലും ഉണ്ട്. അമച്ചർ അണ്ടർ 16, അണ്ടർ 18, ജൂനിയർ നാഷണൽ, സൗത്ത് സോൺ 16, സൗത്ത് സോൺ 18 അങ്ങനെ ചില റെക്കോർഡുകൾ...

● കായിക മേഖലയിൽ പ്രവർത്തിക്കുമ്പോൾ വീട്ടുകാരിൽ നിന്നും നാട്ടുകാരിൽ നിന്നും കൂട്ടുകാരിൽ നിന്നും ലഭിച്ച പ്രതികരണം ഏത് തരത്തിലായിരുന്നു. അവരുടെയെല്ലാം സപ്പോർട്ട് ഏങ്ങനെയാണ്?

വീട്ടുകാരിൽ നിന്നും എപ്പോഴും കട്ട സപ്പോർട്ടാണ് ലഭിക്കുന്നത്. അവർ എല്ലാത്തിനും എന്റെ കൂടെത്തന്നെയുണ്ടാകും. എന്റെ ഈ വിജയങ്ങൾക്കെല്ലാം പിന്നിലെ പ്രധാന ശക്തി വീട്ടുകാരുടെ സപ്പോർട്ടും അവരുടെ പ്രാർത്ഥനയുമാണ് പിന്നെ നാട്ടുകാരിൽനിന്നും ചെറിയ തോതിൽ എതിർ അഭിപ്രായം ഒക്കെ വന്നിട്ടുണ്ടായിരുന്നു. എന്തിനാണ് സ്പോർട്സിനൊക്കെ വിടുന്നത് നന്നായി പഠിച്ചാൽ പോരേ... എന്നീ തരത്തിലുള്ള ചോദ്യങ്ങൾ ഒക്കെ ചോദിച്ചിരുന്നു. എന്നാൽ ഞാൻ അത് കാര്യമായി എടുത്തിരുന്നില്ല. പിന്നെ എന്തിനും ഏതിനും പങ്കായി കൂട്ടുകാർ എന്നും എന്റെ കൂടെ തന്നെയുണ്ടായിരുന്നു.

● പഠന മികവും, കായിക മികവും

ഒരുമിച്ചുകൊണ്ടു പോകുവാൻ സാധിക്കുന്നുണ്ടോ? പഠനത്തിൽ കഴിഞ്ഞ പരീക്ഷകളുടെ നിലവാരം എങ്ങയൊയിരുന്നു?

അത്യാവശ്യം നല്ല രീതിയിൽത്തന്നെ പഠനവുംകായികവും മുമ്പോട്ടു കൊണ്ടു പോകാൻ ഇപ്പോൾ സാധിക്കുന്നുണ്ട്. ഞാൻ ഇപ്പോൾ പ്ലസ്ടുവിലാണ് പഠിക്കുന്നത്. പത്താംക്ലാസ്സിൽ ഫുൾ A+ ഉണ്ടായിരുന്നു. അതുപോലെ പ്ലസ് വൺ പബ്ലിക്ക് എക്സാമിലുംദൈവാനുഗ്രഹത്താൽഫുൾ A+ വാങ്ങാൻ സാധിച്ചു.

● എന്തുകൊണ്ടാണ് പി.റ്റി ഉഷയുടെ സ്കൂൾ ഓഫ് അത്‌ലറ്റിക്സിൽ ചേരാതിരുന്നത്? ചേർന്നിരുന്നുവെങ്കിൽ കൂടുതൽ നേട്ടം ഉണ്ടാക്കാൻ കഴിയുമായിരുന്നില്ലേ?

ഞാൻ പുല്ലൂരാംപാറയിൽ വന്നപ്പോൾ മുതൽ കോച്ചിംഗ് നേടിക്കൊണ്ടിരുന്നത് ടോമി സാറിന്റെ കീഴിലാണ്. അപ്പോൾ സാറിലുള്ള എന്റെ വിശാസവും അദേഹത്തിന്റെ മികവുറ്റ പരിശീലനവും എന്നെ മറ്റൊരു സ്ഥലത്തേക്ക് പോകാൻ പ്രേരിപ്പിച്ചില്ല. കാരണം ടോമി സാർ അത്രമാത്രം കെയറിംഗ് ആണ്.

● സ്പോർട്സ് അല്ലാതെ ഇഷ്ടമുള്ള മറ്റു മേഖലയേതാണ് ?

സ്പോർട്സ് തന്നെയാണ് ഏറ്റവും കൂടുതൽ ഇഷ്ടം. പിന്നെ പുസ്തകങ്ങൾ വായിക്കാൻ ഇഷ്ടമാണ്.

● അപർണയുടെ ഇപ്പോഴത്തെ വലിയ ഒരു ആഗ്രഹം എന്താണ് ?

ഒരു സ്പോർട്സുകാരി എന്ന നിലയിൽ ഒളിംപിക്സിൽ ഇന്ത്യയ്ക്ക് മെഡൽ നേടിക്കൊടുക്കണമെന്ന എല്ലാ കായിക താരങ്ങളുടെയും ആഗ്രഹം തന്നെയാണ് എനിക്കും ഉള്ളത്.

● അപർണയ്ക്കു താഴെ വളർന്നു വരുന്ന കുഞ്ഞുകായിക താരങ്ങൾക്ക് നൽകാനുള്ള സന്ദേശം എന്താണ് ?

സന്ദേശം എന്നൊക്കെ പറഞ്ഞാൽ... ‘നമ്മുടെ കഴിവിനെ മനസിലാക്കി അതിനെ വളർത്തിയെടുക്കാൻ ശ്രമിക്കുക.’ (ഇത് മറ്റാരോ പറഞ്ഞ വചനങ്ങളാണെന്ന് അപർണ എടുത്തു പറയുന്നു.) □



# നഷ്ടമാകുന്ന ജീവന്റെ തുടിപ്പ്



റോസ്മേരി
I ബി.കോം.
കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്

പല മേഖലകളിലും കേരളം ഇന്ന് വളരെ മുന്നിലാണ്. കേരളം വളരുന്നു എന്നു നാം അഭിമാനത്തോടെ പാടാറുണ്ട്. ദൈവത്തിന്റെ സ്വന്തം നാട്, സാക്ഷരകേരളം, സഞ്ചാരികളുടെ പറുദീസ, ഇങ്ങനെ എത്രയെത്ര സുന്ദര വിശേഷണങ്ങൾ കേരളമെന്ന സംജ്ഞയോടു കൂട്ടിചേർക്കാൻ നാം വെമ്പൽ കൊള്ളുന്നു. അതേ സമയം സമൂഹത്തിന് അതീവ ദോഷകരമായിത്തീരാവുന്ന കാര്യങ്ങളിലും നാം മുന്നിലായിക്കൊണ്ടിരിക്കുന്നു എന്നത് വിസ്മരിക്കാവുന്നതല്ല. പരിസര ശുചീകരണത്തിൽ കാട്ടുന്ന അലംഭാവം ഒരുദാഹരണം മാത്രമാണ്. ഒരു കാലത്ത് കേരളം ശുചിത്വത്തിനു കേളികേട്ടിരുന്നു. എന്നാൽ ഇന്ന് സ്ഥിതിയാകെ മാറിയിരിക്കുന്നു. മൂക്കുപൊത്തിപ്പിടിക്കാതെ കേരളത്തിലെ ഒരു പട്ടണത്തിലൂടെയും സഞ്ചരിക്കാനാവില്ല. ഏതു നിരത്തിലൂടെ സഞ്ചരിച്ചാലും ചീഞ്ഞളിഞ്ഞ് ദുർഗന്ധം പരത്തുന്ന ചപ്പുചവറുകളുടെയും, പാഴ്വസ്തുക്കളുടെയും കൂമ്പാരം കാണാൻ കഴിയും. അവിടെ തെരുവുനായ്ക്കളും എലികളും ഈച്ചയും കൊതുകും യഥേഷ്ടം വിഹരിക്കുന്നുണ്ടാവും. മലിനജലം കെട്ടിക്കിടക്കുന്ന ദുർഗന്ധപൂരിതമായ ഓടകൾ ഇല്ലാത്ത സ്ഥലങ്ങളും കുറവാണ്. പരിസര ശുചീകരണത്തിൽ കേരളീയർ കാട്ടുന്ന അലംഭാവമാണ് ഈ ദുസ്ഥിതിയക്കെല്ലാം കാരണം. ഓരോ വീട്ടിലും ഉണ്ടാകുന്ന പാഴ്വസ്തുക്കളും ചപ്പുചവറുകളും, ആഹാരത്തിന്റെ അവശിഷ്ടങ്ങളുമെല്ലാം വേണ്ട വിധം സംസ്കരിക്കാതെ, പ്ലാസ്റ്റിക്ക് കവറുകളിലാക്കി പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്ന

ഒരു സംസ്കാരത്തിലേക്ക് നാം മാറിക്കഴിഞ്ഞിരിക്കുന്നു. സ്വന്തം വീട്ടിലെ മാലിന്യങ്ങൾ മറ്റൊരു വീടിന്റെ മുമ്പിലേക്ക് വലിച്ചെറിയുന്ന പ്രവണതയാണിതെന്നു വേണമെങ്കിൽ പറയാം. നാടെന്നോ, നഗരമെന്നോ വ്യത്യാസമില്ലാതെ അതിവേഗം മുന്നേറുന്ന ഒരു പ്രക്രിയയാണ് നഗരവത്ക്കരണം. നഗരവത്ക്കരണത്തിന്റെ കാര്യത്തിൽ കേരളം ഒട്ടും പിന്നിലല്ല. എങ്ങും ഗ്രാമീണഭംഗി നിറഞ്ഞുനിന്നിരുന്ന കേരളത്തിന്റെ മുഖഛായ ദ്രുതഗതിയിലാണ് മാറിക്കൊണ്ടിരിക്കുന്നത്. വികസനം നല്ലതെങ്കിലും അതുണ്ടാക്കുന്ന പ്രശ്നങ്ങൾ ചെറുതല്ല എന്ന് പലപ്പോഴും മനസ്സിലാകും. വികസന പ്രവർത്തനങ്ങളുടെ പേരിൽ പലപ്പോഴും പ്രകൃതിവിഭവങ്ങളും മറ്റും നശിപ്പിക്കപ്പെടുന്നു.

ജലം ഈ ലോകത്തിനാധാരമായ പഞ്ചഭൂതങ്ങളിലൊന്നാണ്. വെള്ളമില്ലാത്ത ലോകത്തെക്കുറിച്ച് ചിന്തിക്കാൻപോലും നമുക്കു കഴിയില്ല. ഭൂമിയുടെ മൂന്നിൽ രണ്ടു ഭാഗവും വെള്ളമാണങ്കിലും ഉപയോഗയോഗ്യമായ ജലത്തിന്റെ അളവ് താരതമ്യേന കുറവാണ്. ലോകം നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്നാണ് ജലദൗർലഭ്യം. ജലസ്രോതസ്സുകൾ വറ്റി വരളുന്നു. നദികൾ മലിനീകരിക്കപ്പെടുന്നു. വനം ഇല്ലാതാകുന്നു. ഇതെല്ലാം ശുദ്ധജല ലഭ്യതയെ കുറച്ചുകൊണ്ടിരിക്കുന്നു. മനുഷ്യന്റെ അനാവശ്യവും അമിതവുമായ ഇടപെടലും പ്രകൃതിയിൽ ഏല്പിക്കുന്ന ആഘാതങ്ങളും ജലദൗർലഭ്യത്തിലേക്കു നയിക്കുന്നു. അമൂല്യമായ വിഭവമാണ് ജലം. അതുകൊണ്ടുതന്നെ ജലം സംരക്ഷിക്കുന്നതിനും ജല ദുരുപയോഗം തടയുന്നതിനും നാം വളരെയേറെ ശ്രദ്ധിക്കണം. കടുത്ത വേനൽ വന്നെത്തും മുമ്പേ വറ്റി വരളുന്ന കിണറുകളും, തോടുകളും, കുളങ്ങളും, താടാകങ്ങളും, നദികളും ജലത്തിന്റെ പ്രാധാന്യം നമ്മെ ഓർമ്മപ്പെടുത്തുന്നു. ഭൂമിയിലെ ശുദ്ധജലത്തിന്റെ നല്ലൊരു പങ്ക് വ്യവസായശാലകളിൽ നിന്നുള്ള മാലിന്യം കലർന്ന് മലിനീകരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ് ഓരോ ഉൽപന്നവും കൃത്രിമമായി നിർമ്മിക്കപ്പെടുമ്പോഴും ലക്ഷക്കണക്കിന് ലിറ്റർ വെള്ളം വ്യവസായശാലകൾ ഉപയോഗിക്കുന്നുണ്ട്. ഈ വ്യവസായശാലകൾ പുറന്തള്ളുന്നത് മാരകവിഷപദാർത്ഥങ്ങളടങ്ങിയ മലിനജലമാണ്. ഈ മലിനജലം ജലാശയങ്ങളിലെ ജീവവ്യവസ്ഥയെ ഒന്നാകെ തകിടം മറിക്കുന്നു. ജലാശയങ്ങൾ അഴുകിയ ശവങ്ങളുടെ കുപ്പത്തൊട്ടികളാവുന്നു. എന്നാൽ ഇന്ന് കാലംതെറ്റി പെയ്യുന്ന മഴമൂലം ധാരാളം ദുരിതങ്ങൾ നാം അനുഭവിക്കുകയാണ്. പുഴകൾ നിറഞ്ഞുകവിഞ്ഞ് ഒഴുകുന്നതുകാണുമ്പോൾ പേടി തോന്നുന്ന ഒരു അവസ്ഥയിലൂടെയാണ് നാമിന്ന് കടന്നുപോകുന്നത്. കാലംതെറ്റി പെയ്യുന്ന മഴതന്നോടൊപ്പം ധാരാളം പേരുടെ ജീവനും കൊണ്ടുപോകുന്നു. നിരവധിപേരുടെ സ്വപ്നങ്ങളും, സമ്പാദ്യങ്ങളും നിമിഷ നേരം കൊണ്ട് നഷ്ടമാകുന്നു. ഒരു പ്രത്യേക പാരിസ്ഥിതിക വ്യവസ്ഥയുടെ ജലലഭ്യത എന്നത് പ്രദേശത്തിന്റെ കാലാവസ്ഥ, ഭൂപ്രകൃതി, വൃക്ഷലതാദികൾ, ഭൗമശാസ്ത്രം എന്നിവയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. മേല്പറഞ്ഞ ഓരോ തലത്തിലും ആധുനിക മനുഷ്യൻ ഭൂമിയെ ദുർവിനിയോഗം ചെയ്യുകയും വെള്ളം സ്വീകരിക്കാനും സ്വാംശീകരിക്കാനും, സംഭരിക്കാനുമുള്ള അതിന്റെ കഴിവിനെ നശിപ്പിക്കുകയും ചെയ്യുന്നു. വനനശീകരണവും ഖനനവും ജലസംഭരണമേഖലകളെയും വെള്ളം സംരക്ഷിക്കാനുള്ള കഴിവിനെയും നശിപ്പിക്കുന്നു. അന്തരീക്ഷ മലിനീകരണവും കാലാവസ്ഥാ മാറ്റവുമെല്ലാം നാം നേരിടുന്ന വെല്ലുവിളികളാണ്. വനങ്ങൾ പ്രകൃതിയുടെ സ്വാഭാവിക തടാകങ്ങളാണ്. വെള്ളം സംരക്ഷിക്കുന്നതിൽ വനത്തിനുള്ള പ്രാധാന്യം വളരെ വലുതാണ്. കൃത്രിമ വനവൽകരണവും ഏകമുഖകൃഷിരീതികളും വെള്ളം ഒഴുകിപ്പോകുന്നതിനും മണ്ണിന്റെ ജല സംഭരണശേഷി നശിക്കുന്നതിനും കാരണമാകുന്നു.

# മഴയെ പ്രണയിച്ച പുഴ



അഖിൽ തോമസ്
III ബി.കോം.
കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്

എനിക്കുമുണ്ട് പറയാൻ പ്രണയത്തിന്റെ കഥ...
അവനെന്നെ അത്രമേൽ പ്രണയിച്ചിരുന്നു,
സ്നേഹത്തിന്റെ തലോടലിനാൽ
അവനെന്റെ ജീവിതം അർത്ഥപൂർണ്ണമാക്കി
അവന്റെ ചുടുചുംബനത്താൽ അവനെന്നെയുണർത്തി
അവന്റെ കമനീയമായ മടിത്തട്ടിൽ എന്നും–
അഭയം പ്രാപിക്കാനെൻ മനം  ആശിച്ചിരുന്നു.
എന്നാലൊരു വേനലിൽ
വേദന നൽകി അവൻ തിരികെ പോയി
സ്നേഹം നഷ്ടപ്പെട്ട മനസ്സ്
ഒരു കരിയില പോലെ എന്റെ കൂടെ ഒഴുകി.
പ്രണയത്തിൻ തീക്ഷ്ണതയും , വിരഹത്തിൻ വേദനയും
എന്നെയൊരു ഭ്രാന്തിയാക്കി
ചിറകറ്റുപോയ പക്ഷിയായ എനിക്ക് ചിറകുമായി
ചിരിമാഞ്ഞുപോയ എന്റെ ചുണ്ടിൽ ചിരി വിരിക്കാനായി,
ഇടിയെ കൂട്ടുപിടിച്ച്, മിന്നലിന്റെ വെളിച്ചത്തിൽ
അവൻ വീണ്ടും വന്നു
എന്നെ ദ്രോഹിച്ചവരോടെല്ലാം പകരം ചോദിക്കാനായി





ശിവപ്രിയ സുബാഷ്
III ബി.കോം.
കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്

# മായുന്ന മോഹങ്ങൾ ഒരു പുഴയായി...

ഇനിയെന്റെ ജീവിതത്തിലാഗ്രഹത്തിൻ
ശ്രുതി നാമ്പുകൾ മുളയ്ക്കുമോ ? അതോ
ഒഴുകുന്ന പുഴയായി മാറുമോ  എൻ മോഹങ്ങൾ
ഒരു കൈക്കുടന്നയിൽ തണുനീരുമായ്  നിന്ന
കാറ്റിന്റെ കൈകളാരോ തട്ടിത്തെറിപ്പിച്ചു
അസ്തമിച്ചു എന്റെ  പ്രതീക്ഷകൾ !
ഒറ്റയായി പോയല്ലോ ഞാൻ ഈ
ദുഃസ്വപ്നത്തിൽ നീറുന്ന തീനാമ്പിലൂടെ.
ആരോ നീന്തിക്കയറി വരുമോയെന്നെ
ഉത്തേജിപ്പിക്കുന്ന വഴികളിലൂടെ നടത്തുവാൻ
തിടുക്കത്തിലോടി ഞാൻ ആ ഒഴുകുന്ന
പുഴയുടെ ചെളിക്കുണ്ടിലൂടെയാരോയെന്നെ
തഴുകിയുണർത്തിയപ്പോൾ ഞാനാദ്യമായി
ചലിക്കാത്തപോലെ തരിച്ചങ്ങു നിന്നു  ..
എന്റെയുള്ളം പെട്ടെന്നപ്പോൾ, ബോധം
ജനിപ്പിച്ചപ്പോൾ ഹൃദയത്തിൽ
ഓടിയെത്തി  ആ നിശബ്ദരോദനം !

# മഴപ്പെയ്ത്തിനു ശേഷം...



അനുശ്രീ എം.യു.
III ബി.കോം.
കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്

അകത്തളത്തിൽ
ആളുന്ന മൗനത്തെ
അണച്ചു കൊണ്ടായിരുന്നു
അവൾ വന്നത്
ഏകാന്തതയുടെ കഴുകൻ കണ്ണിനടിയിൽ
വിറയ്ക്കുന്ന ഞരക്കങ്ങളെ
തണുത്ത വിരലാൽതൊട്ട്
ചുട്ടുപൊള്ളിക്കുന്ന
ജാലവിദ്യക്കാരിയായി
പൊട്ടിച്ചിരിക്കുന്ന അവൾ
ഉമ്മറപ്പടി വരെ
സംശയിച്ചു നിന്നു
പതിയെപ്പതിയെ
അകത്തേക്ക്
ഒന്നെത്തിനോക്കി,
ക്ഷണിക്കാത്ത അതിഥിയാണല്ലോ.
പതിവായിരിക്കുന്ന
കുത്തുവാക്കും
പിറുപിറുപ്പും
സഹികെട്ടായിരിക്കാം
ആരോടും പറയാതെ
ഒന്നും മിണ്ടാതെ
പിണങ്ങിപ്പോയിരിക്കുന്നു
അവൾ...



# ഒഴുകുന്നു എൻ ഹൃദയം ഒരു പുഴയായി...



**അബിൻ ബിനോയ്**
**III ബി.കോം.**
**കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്**

ഒഴുകുന്ന പുഴയെ നിന്നെ
ഒരു നോക്കു നോക്കി
നിറവാർന്ന കുളിർക്കാറ്റു–
നീയെന്റെ ഹൃദയത്തിനേകി

സമുദ്രത്തിൽ സമൃദ്ധിയോർത്തു
നീ നീന്തി നീരാടി
എന്റെ വിരലുകൾ
നീയങ്ങു തട്ടിമാറ്റി

പരിഹസിച്ചീടിലും
ഞാനൊന്നു ചൊല്ലിടാം
ഒന്നു നീ നിൽക്കുമെങ്കിൽ
കാതോർക്കുമെങ്കിൽ.

രണമില്ല, മണമില്ല
മതമില്ല ചുറ്റു
മൊട്ടും മധുരമില്ല.
നിന്നെ പുൽകുന്ന കടലിൽ.

ഉപ്പിൽ ലയിച്ചു ദാഹിച്ചു വലയും
നിനക്കായ് ഒരു കൈക്കുമ്പിൾ
നദീ ജലവുമായി ആരിരിക്കും
തിരികെ നീ വരികയില്ലെന്നാകിൽ

# അവൾ



ഉമ്മു ഹബീബ എ.കെ.
II ബി.കോം. ഫിനാൻസ്

കാലത്തിൻ കോലം  മാറിയപ്പോൾ
കലിയുഗത്തിൻ നവജ്യോതിയിവിടെ തെളിഞ്ഞപ്പോൾ
ഇരുളിൻ മറവിലെവിടെയോ കേൾക്കുന്നുവോ
തെരുവിൻ പാവം കിടാത്തി തൻ രോദനം
ഒരുപാടു പൊരുതി ജീവിതത്തോട് മല്ലടിച്ചിട്ടും
ഒടുവിലേതോ തെരുവിൽ നിശതൻ തിരശ്ശീലയിൽ
മൃത്യുവേറ്റു വാങ്ങിയവൾ...
കാമഭ്രാന്തിന്റെ  കൈപ്പിടിയിലൊതുങ്ങിത്തീർന്ന
കാപാലികർ പിച്ചിച്ചീന്തിയ 'അവൾ'
മാധ്യമങ്ങൾക്കെന്നും ചൂടടു വാർത്തയായിരുന്നു
ഉന്നാവ, ഡൽഹി, കഠുവ...
ഇങ്ങനെയെത്ര ക്രൂരതകൾക്കീ കാലം മൂകസാക്ഷി.
ഹേ മനുഷ്യമൃഗമേ...  നിൻ നശ്വരസുഖത്തിനായ്
നീ തകർത്തതെത്രയനശ്വരമാം സ്വപ്നങ്ങൾ.
നീയറിയണം.  ഒരിക്കൽ  നീകേട്ട താരാട്ടും
നീ നുകർന്ന ദുഗ്ദ്ധവും നീ തലചായ്ച്ച മടിത്തട്ടും
നീ ഭ്രൂണമായിക്കിടന്നൊരുദരവുമവളുടേതായിരുന്നെന്ന്...
നിന്റെ കാട്ടാളത്തരത്തിൽ പൊലിഞ്ഞത്
നിൻ അമ്മയും പെങ്ങളുമായിരുന്നെന്ന്





# മഴയുടെ രോദനം...



ജോമോൾ
III ബി.എസ്.സി.
സൈക്കോളജി

'ഉമ്മാ'
'ന്താ മോനേ'
'വിശക്കണ് '.... 'കഞ്ഞി തരാം മോനേ....'
അടുപ്പിനടുത്തേക്ക് തിരിഞ്ഞ സജിതയുടെ കൈയിൽ ഒരു പിടി വീണു
'സഫീറേ... മോനെ വിടടാ... ഉമ്മ കഞ്ഞിയെടുത്തുവെക്കാം...'
'വേദനിക്കണുമ്മാ.......'
'സാരമില്ല മോനേ...' ഡോക്ടറുടെ അടുത്ത് നാളെത്തന്നെ പോകാം....

കലത്തിൽ നിന്ന് ചൂടു കഞ്ഞി കോരിയെടുത്ത് കണ്ണിരുപ്പു കലർത്തി ഉമ്മ വന്നു. മാതൃസ്നേഹം ആർത്തുപെയ്യുന്ന ഹൃദയത്തിൽ നിന്ന് ഒരു കുമ്പിൾ കഞ്ഞി മകന്റെ ചുണ്ടോടടുപ്പിച്ചു. പുറത്ത് മഴയുടെ ഇരമ്പൽ ഓടിയെത്തി. കാലവർഷക്കെടുതിയാണ്. ആകെയുള്ള മണ്ണെണ്ണ വെളിച്ചം തീരാറായി.

'ഉപ്പ വന്നില്ലല്ലോ ഉമ്മാ...' സഫീറിന്റെ ആവലാതിക്ക് മറുപടിയായി ഉമ്മ ഒന്ന് മൂളി. പിന്നെ നേരിയ സ്വരത്തിൽ പറഞ്ഞു. 'ഇപ്പൊ വരും...' പെട്ടെന്ന് വാതിൽക്കൽ എന്തോ അനക്കം കേട്ട് സജിത അവിടേക്ക് ചെന്നു. നനഞ്ഞു വിറച്ച് മജീദ് വാതിൽക്കൽ നിൽക്കുന്നുണ്ടായിരുന്നു. മഴത്തുള്ളികൾ മൂടിയ മുഖം സങ്കടത്താൽ വിതുമ്പുന്നുണ്ടെന്ന് സജിതയ്ക്ക് മനസിലായി.
'എന്തായി പോയ കാര്യം? അവൾ തിരക്കി. 'ഒന്നുമായില്ല' ഈർപ്പമുള്ള മറുപടി.
'എല്ലാം കൂടി ഇരുപത്തയ്യായിരം മാത്രമേ കിട്ടിയുള്ളു . ബാക്കി ഒന്നേ മുക്കാൽ ലക്ഷം ഞാൻ എവിടുന്നുണ്ടാക്കും...?
'അപ്പൊ.... അപ്പൊ...ന്റെ മോനെ രക്ഷിക്കാൻ കയ്യൂലേ...? 'ന്ക്കറിയില്ല സജിതാ'...!

കുറെ നേരം ഇരുവരും നിശബ്ദരായിരുന്നു. മഴയുടെ ഇരമ്പൽ അവരുടെ മൗനത്തെ ഇല്ലാതാക്കി. പെട്ടെന്ന് പുറത്തേക്കിറങ്ങിയ മജീദിന്റെ കൈപിടിച്ച് സജിത ചോദിച്ചു എങ്ങോട്ടാ...?
'എവിടേലും പോയിരുന്നു കരയണം... കതകടച്ച് കെടന്നോ..?
അയാൾ പുറത്തേക്കിറങ്ങി പതിയെ ഇരുട്ടിൽ അലിഞ്ഞില്ലാതെയായി.

കതകടച്ച് കുറ്റിയിട്ട് സഫീറിന്റെ കാൽക്കൽ വന്നിരുന്ന് സഹതാപത്തോടെ സജിത അവന്റെ വിരലുകൾ തലോടി തണുത്തുറഞ്ഞ ആ വിരലുകൾ അവൾ ഇളക്കി. ഇല്ല അനക്കമില്ല, മോനേ...
ചേതനയറ്റ ശരീരം നന്നായി പുതപ്പിച്ച് അവൾ പുറത്തിറങ്ങി. ആർത്തിരമ്പുന്ന മഴയുടെ ആലിംഗനമേറ്റ് പൊട്ടിക്കരഞ്ഞു.



Dew Drops

DewDrops

CATERING & EVENTS

KODANCHERY

0495 222 3616
9446 818 911 , 9746 082 886

dewdropstsry@gmail.com
www.dewdrops.info



Dew Drops

DewDrops

FLOWERS & DECORATIONS

THAMARASSERY

0495 222 3616
9446 818 911 , 9746 082 886

dewdropstsry@gmail.com
www.dewdrops.info

പൂക്കൾ ഓർഡർ പ്രകാരം എത്തിച്ചുകൊടുക്കപെടും



പ്രലിൻ പ്രകാശ്
II ബി.എ.ഇംഗ്ലീഷ്

# നാളെയുടെ പാട്ട്

അകലെപ്പടിഞ്ഞാറു മറയുന്ന സൂര്യ–
നിന്നകലെയല്ല, മൃത്യുവോർത്തു കൊൾക
ഇന്നിന്റെ രാവിൽ നിലാവെട്ടം തൂവുന്ന
ഇന്ദ്രദേവൻ കൺതുറക്കുകില്ല
സായാഹ്ന വേളയിൽ തൻ കൂടു തേടുന്ന
അമ്മക്കിളി കൂടു കാണുകില്ല
ഇടവപ്പാതി കുളിർ കൂരിരുൾ സമൃദ്ധിയിൽ
മഴയുടെ പാട്ടു നീ കേൾക്കുകില്ല
രാവിനെ സംഗീത സാന്ദ്രമായ് തീർത്തീടും
രാക്കുയിൽ പൊൻമകൾ പാടുകില്ല
അളവറ്റൊരാനന്ദം നൃത്തമാക്കീടുന്ന
മയിലിന്നു പീലി വിടർത്തുകില്ല
പൊള്ളുന്ന വേനലിൽ നീലവാനം നോക്കും
മണ്ഡൂകമിനിക്കരയുകില്ല
കാട്ടു പൂഞ്ചോലയിൽ ആർത്തുല്ലസിക്കുവാൻ
കരിമ്പാറക്കൂട്ടങ്ങൾ വരികയില്ല
ഇന്നെന്റെ അമ്മയ്ക്കും ഭൂമി ദേവിക്കും
കണ്ണീരില്ലാ... മുലപ്പാലില്ലാ...





ജോമോൾ
III ബി.എസ്.സി.
സൈക്കോളജി

# താണ്ഡവം



താണ്ഡവം
താണ്ഡവം !
ആർത്തുപെയ്തു താണ്ഡവം
തുലാപേമാരി തോൽക്കും താണ്ഡവം
പ്രതികാരം കണക്കെ താണ്ഡവം
ആരോടെന്നറിയില്ല എന്തിനെന്നറിയില്ല
പ്രതികാരമാരോട് ഭൂമീദേവിയോടോ ?
ദിനങ്ങൾ കഴിഞ്ഞുപോകെ വെള്ളം
കയറുന്നു

നാട്ടിലും വീട്ടിലും കൂട്ടിലും നിറയുന്നു
ജീവസ്മാരകങ്ങൾ ദുരന്തത്തിലാണ് !
എങ്കിലും കരുണയില്ലാതെ തുടരുന്നു
ഇതു കർക്കിടക താണ്ഡവം
ഇതു വർഷതാണ്ഡവം



**അഖിൽ സിബി**
**II ബി.കോം. കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്**

# പുഴ

ഇനിയൊരു ജന്മമുണ്ടെങ്കി
ലെനിക്കൊരു  പുഴയാകണം
ദാഹിച്ചു വരുന്നവർ തൻ
ദാഹമകറ്റണം
അഭയം തേടുന്നവർക്കൊരു
വാസസ്ഥലമാകണം
മണ്ണടിഞ്ഞാത്മാക്കളെ
ഹൃദയത്തിലലിയിക്കണം
പശ്ചാത്താപത്തിൻ
പാപഭാരം പേറിവരുന്നവർതൻ
പാപങ്ങൾ
കഴുകിക്കളയണം.
എൻ ജലാംശത്തെ
നീരാവിയാക്കുന്ന സൂര്യനോട്
മഴദൈവങ്ങൾ കനിയുമ്പോൾ
കൊഞ്ഞനം കുത്തണം
അവസാനമാ കടലിലലിഞ്ഞു
വിശ്രമം കൊള്ളണം.



പ്രലിൻ പ്രകാശ്
II ബി.എ.ഇംഗ്ലീഷ്

# വികസനം

നാട്ടിൽ  വികസനം വേണമെന്ന് മന്ത്രി പറഞ്ഞു
വയലു നികത്താം, കുന്നിടിക്കാം
പുഴകൾ വിൽക്കാം,  അങ്ങനെ അക്ഷീണ പ്രയത്നത്തിനൊടുവിൽ
നാടു വികസിച്ചു, പക്ഷേ മന്ത്രി പറഞ്ഞു പോരാ!

മഴയും വനവും പാട്ടത്തിനു കൊടുത്തു
മണ്ണിനെ പലതും തീറ്റിച്ചു
പിന്നെയും നാടു വികസിച്ചു
പക്ഷേ, മന്ത്രി പറഞ്ഞു പോരാ!

ഒടുവിൽ, മന്ത്രി ഉച്ചക്കഞ്ഞിക്ക് അരിവാങ്ങാൻ
അയൽ സംസ്ഥാനം വരെയൊന്നുപോയി
കയ്യിലുള്ളതെല്ലാം കൊടുത്തപ്പോൾ അവർ പറഞ്ഞു

**പോരാ...!**





**രേഷ്മ തങ്കച്ചൻ**
**III ബി.എസ്.സി.**
**സൈക്കോളജി**

# യന്ത്രം

ആരേയും കാത്തു നിൽക്കാനുള്ള ക്ഷമ ഇല്ലാത്തത് കൊണ്ട് അവൾ മുൻപേ നടന്ന് തുടങ്ങി. ചെറുപ്പത്തിൽ ഉറക്കത്തിനിടയിൽ കണ്ട എതോ ഒരു സ്വപ്നത്തിലാണ് അവൾ തനിയെ നടക്കാൻ മോഹിച്ചു തുടങ്ങിയത്. തനിക്ക് ചുറ്റുമുള്ള നിശബ്ദതയെ അവൾ സ്നേഹിച്ചു. അവളുടെ കണ്ണുകളിൽ ആ ശൂന്യതയ്ക്ക് വല്ലാത്തൊരു സൗന്ദര്യം ഉണ്ടായിരുന്നു.

സ്കൂളിലെ മണി നീട്ടിയടിച്ചപ്പോൾ മുതൽ വീടെത്തുന്നതു വരെയുള്ള നിശബ്ദതയിലും അവളുടെ ചിന്തകൾ മുഴുവനും ആ യന്ത്രത്തെ കുറിച്ചായിരുന്നു. മുഷിഞ്ഞതും വിയർപ്പുഗന്ധം നിറഞ്ഞതുമായ തുണികൾ കൂലി വാങ്ങാതെ അലക്കിതരുന്ന തന്റെ കൂട്ടുകാരി പറഞ്ഞ ആ യന്ത്രം എന്തായിരുന്നു? എന്റെ വീട്ടിൽ എന്തേ ആ യന്ത്രം ഇല്ലാത്തത്? അവൾ തന്റെ ചിന്തകളെല്ലാം വഴിനീളെ നീട്ടിവലിച്ചു. അന്ന് മാവിൽ കല്ലെറിയാനും കിളികളോട് സംസാരിക്കാനും അവൾ മറന്നു.

വീടിന്റെ ഉമ്മറത്തെത്തുന്നതുവരെയും അവൾക്ക് ആ അലക്കുകല്ലിന്റെ ശബ്ദം കേൾക്കാമായിരുന്നു. അമ്മ തുണി അലക്കുകയാണ് അവൾ മനസ്സിൽ മന്ത്രിച്ചു. ഊൺമേശയിൽ ചായ തയ്യാറായിരിക്കുന്നു. കട്ടിലിൽ തന്റെ വസ്ത്രങ്ങൾ മടക്കി വെച്ചിരിക്കുന്നതും രാവിലെ അലങ്കോലപ്പെട്ടുപോയ മുറി വൃത്തിയാക്കിയിട്ടിരിക്കുന്നതും കണ്ടപ്പോൾ തന്റെ വീട്ടിലെ ആ യന്ത്രത്തെ അവൾ തിരിച്ചറിഞ്ഞു. ഇത്ര വർഷമായിട്ടും യാതൊരു കേടുപാടുമില്ലാതെ കൃത്യമായി പണിയെടുക്കുന്ന യന്ത്രം. തന്റെ കൂട്ടു

കാരി തന്നോട് പറഞ്ഞ യന്ത്രത്തെക്കാൾ എത്രയേറെ മേൻമയുള്ളതായിരുന്നു ആ യന്ത്രം. സ്നേഹമോ, കരുതലോ, വാത്സല്യമോ അങ്ങനെ എന്തൊക്കയോ...

അലക്കുകല്ലിന്റെ ശബ്ദം വീണ്ടും അവൾ ശ്രദ്ധിച്ചു. അലക്കു കല്ലിന്റെ അടുത്തേക്ക് ഓടി അവൾ ആ അമ്മയെ നോക്കി. ഇന്ന് സൂര്യന് പതിവിലേറെ ചൂടുണ്ടെന്ന് അമ്മയുടെ മുഖത്തു നോക്കി അവൾ വായിച്ചു മനസിലാക്കി. അവളുടെ കണ്ണിൽ നിന്ന് രണ്ടു തുള്ളികൾ ഇറ്റു വീണത് അവൾ പോലുമറി ഞ്ഞില്ല. അച്ഛന്റെ മരണശേഷം നിശബ്ദതയെ കൂട്ടുപിടിച്ച അവൾക്ക് കൂട്ടു കിട്ടിയ നിസ്സാര ചിലവ് മാത്രമുള്ള കാര്യക്ഷമതയുള്ള ആ യന്ത്രം, തന്റെ പെറ്റമ്മ മാത്രമാണ്. ഒരു നിമിഷത്തേക്ക് അവൾ ആ അമ്മയെ അങ്ങനെ നോക്കിക്കൊണ്ടേയിരുന്നു. വിശ്രമമില്ലാത്ത ആ അലക്കു യന്ത്രം പെട്ടെന്ന് നിന്ന് പോയത് അവളുടെ 'അമ്മേ' എന്നുള്ള ആ വിളിയിലായിരുന്നു. അമ്മേ എന്നു വിളിച്ച് കെട്ടിപ്പിടിച്ചപ്പോൾ അവൾക്ക് മനസ്സിലായി ഒരമ്മയ്ക്കു മാത്രം കൈമുതലായ സ്നേഹം, ആർദ്രത എല്ലാം. അവൾ ആ മുഖത്തേക്ക് നോക്കി, ഒന്നും ചോദിച്ചില്ല. മൂടിക്കെട്ടിയ ആ കാർമേഘം അവളുടെ കവിളിലൂടെ പെയ്തിറങ്ങി. അപ്പോഴും, ആ യന്ത്രം തന്റെ മുഖത്ത് വിരിഞ്ഞ പുഞ്ചിരിയെ പതിയെ മായിച്ച് ജോലി തുടർന്നു. മുറിയിലെത്തിയ അവൾ ആ ശബ്ദം വളരെ വ്യക്തമായി കേട്ടു. 'അലക്കുവാനുള്ള തുണി വേഗം കൊണ്ടുവാ...'





അതുൽ കെ. ഡൊമിനിക്
III ബി.കോം. ഫിനാൻസ്

# സാമൂഹ്യ പ്രതിബദ്ധതയുമായി എറൈസ് –(ARISE)

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം കേവലം അറിവു നേടലും ഉപജീവന മാർഗ്ഗം കണ്ടെത്തലുമല്ല, മറിച്ച് ഒരു വ്യക്തിയുടെ സമഗ്രവികാസമാണ്. ഉത്തമ വ്യക്തിത്വമുള്ള മനുഷ്യനെ രൂപപ്പെടുത്തിയെടുക്കുക എന്നതാണ് സമഗ്ര വികാസം കൊണ്ട് അർത്ഥമാക്കുന്നത്. വിദ്യാഭ്യാസ, സാമൂഹ്യ, സാംസ്കാരിക, നൈതിക മേഖലകളിലെ വളർച്ചയ്ക്കൊപ്പംതന്നെ മൂല്യാധിഷ്ഠിത ജീവിതവും സാമൂഹ്യ പ്രതിബദ്ധതയും അപരനോടുള്ള കരുതലും, ആത്മീയ ചിന്തയും വ്യക്തിയിൽ വളർത്തിയെടുക്കുക എന്നതും ഈ ലക്ഷ്യത്തിന്റെ ഭാഗമാണ്. ന്യൂജനറേഷൻ സംസ്കാരത്തിൽ കൈമോശം വന്നുപോയതും ഇത്തരം അനിവാര്യതകളാണ്.

തിരുവമ്പാടി അൽഫോൻസ കോളേജിൽ മേൽപറഞ്ഞ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് 2017-18 അധ്യയന വർഷത്തെ കോളേജ് യൂണിയന്റെ അഭ്യർത്ഥന പ്രകാരം സാമൂഹ്യ സേവന വിഭാഗമായ എറൈസ് (ARISE) (Alphonsians Rising to Impulse Social Empowerment) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. ഭവനനിർമ്മാണം, ജീവകാരുണ്യ പ്രവർത്തനങ്ങൾ, ആതുര സേവനം എന്നിവയാണ് 'എറൈസ് ' ന്റെ



പ്രധാന പ്രവർത്തന മേഖലകൾ.

കോളേജിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ വി.അൽഫോൻസാമ്മയുടെ തിരുനാൾ ആചരണ സമ്മേളനത്തിൽ വെച്ച് താമരശ്ശേരി രൂപത വികാരി ജനറൽ മോൺ. ജോൺ ഒറവുങ്കര 'എറൈസ്' ന്റെ ഔപചാരികമായ ഉദ്ഘാടന കർമ്മം നിർവഹിച്ചു. അതോടെ 'എറൈസ്'ന്റെ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചു. ജീവകാരുണ്യ പ്രവർത്തനത്തിന്റെ ഭാഗമായി കോളേജിന്റെയും മറ്റ് സുമനസ്സുകളുടെയും സഹകരണത്തോടെ, സ്വന്തമായി ഭവനമില്ലാത്ത ഒരു നിർദ്ധന കുടുംബത്തിന് വീടു നിർമ്മിച്ചു നൽകുന്ന 'സ്നേഹഭവനം' എന്ന പദ്ധതി നടപ്പാക്കാൻ തീരുമാനിച്ച് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. 'സ്നേഹഭവന' പദ്ധതിക്കുള്ള സാമ്പത്തിക

സമാഹരണ ലക്ഷ്യത്തോടെ കോളേജിൽ ഫിലിം ഫെസ്റ്റ് നടത്തി. മുഴുവൻ ക്ലാസ്സുകളിലെയും വിദ്യാർത്ഥികൾക്ക് പ്രത്യേക സമയക്രമമനുസരിച്ച് സംഭാവന കൂപ്പൺ നൽകി ഫെസ്റ്റിൽ പങ്കെടുപ്പിച്ചു. ഇതിൽ നിന്നും ലഭിച്ച തുക ഭവന നിർമ്മാണ ഫണ്ടിലേക്ക് വകയിരുത്തി.

ശിശുദിനമായി ആചരിക്കുന്ന നവംബർ 14ന് 'എറൈസ്' ന്റെ നേതൃത്വത്തിൽ തൊണ്ടിമ്മൽ സാൻജോ പ്രതീക്ഷാഭവൻ സ്പെഷ്യൽ സ്കൂൾ സന്ദർശിക്കുകയും അവർക്കൊപ്പം കളിയും ചിരിയും താമാശകളുമായി അരദിവസം പങ്കിടുകയും ചെയ്തു. ഞങ്ങൾക്കിത് ഹൃദയസ്പർശിയായ ഒരു അനുഭവമായിരുന്നു. അരദിവസം അവരോട് താദാത്മ്യപ്പെടുകയും സ്നേഹസാന്ത്വനങ്ങൾ പങ്കുവെയ്ക്കുകയും ചെയ്തത് വലിയ പുണ്യമായി കരുതുന്നു. ഞങ്ങൾ അവരുമായി ഇടപഴകുകയും വിവിധകലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

പ്രതീക്ഷാഭവൻ വിദ്യാർത്ഥികൾ ആഹ്ലാദാരവങ്ങൾ മുഴക്കുകയും അവരുടെ തനതായ ശൈലിയിൽ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. മുഴുവൻ വിദ്യാർത്ഥികൾക്കും കേക്കും മധുരപലഹാരങ്ങളും വിതരണം ചെയ്യുകയും കലാപരിപാടികൾ അവതരിപ്പിച്ചവർക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു. ഞങ്ങൾക്ക് പ്രേരണയും പ്രോത്സാഹനവും തന്നുകൊണ്ട് ഞങ്ങളുടെ പ്രിൻസിപ്പാൾ പ്രൊഫ. ഫിലിപ്പ് കെ. ആന്റണി, സിസ്റ്റർ അർപ്പിത സി. എം.സി, കെ. ദീപേഷ് സാർ എന്നിവരും ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു.

മാനേജ്മെന്റിന്റെയും പ്രിൻസിപ്പലിന്റെയും സ്റ്റാഫ് അംഗങ്ങളുടെയും സഹകരണത്തോടെ പ്രവർത്തിക്കുന്ന 'എറൈസ്' ന്റെ അധ്യാപക കോർഡിനേറ്റർ ശ്രീ. ബർണാഡ് സാറും വിദ്യാർത്ഥി കോർഡിനേറ്റർ അതുൽ കെ. ഡോമിനിക്കും ആണ്. കൂടാതെ വിദ്യാർത്ഥി പ്രതിനിധികളായ ദിവ്യ ജോസ്, അജയ് സുരേഷ് എന്നിവർ ഭാരവാഹികളുമാണ്. കോളേജ് യൂണിയൻ അംഗങ്ങളും വിവിധ ഡിപ്പാർട്ട്മെന്റുകളിലെ സേവന തൽപരരായ വിദ്യാർത്ഥികളുമടക്കം അൻപത് അംഗങ്ങൾ ഈ സംഘടനയിൽ സജീവമായി പ്രവർത്തിച്ചു വരുന്നു.

സാമൂഹ്യപ്രതിബദ്ധതയുടെ പ്രതീകമായ 'എറൈസ്'ന്റെ ലക്ഷ്യപ്രാപ്തിക്കായി എല്ലാ സുമനസ്സുകളുടെയും സഹായ സഹകരണങ്ങൾ ഞങ്ങൾ പ്രതീക്ഷിക്കുകയാണ്. 'സ്നേഹഭവന'മെന്ന നമ്മുടെ ആദ്യ സംരംഭം എത്രയും വേഗത്തിൽ സഫലമാകട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. 'എറൈസ്'ന്റെ അനുബന്ധ ലക്ഷ്യങ്ങളും കാലാകാലങ്ങളിൽ വിജയപ്രദമായി പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രത്യാശിക്കുന്നു. മറ്റുള്ളവർക്ക് നൻമ ചെയ്താൽ ദൈവം പ്രതിഫലം തരുകയും അനുഗ്രഹിക്കുകയും ചെയ്യുമെന്ന ഉറച്ച വിശ്വാസത്തിൽ നമ്മൾ മുമ്പോട്ട് നീങ്ങുകയാണ്. നമ്മുടെ കോളേജിന്റെ ജീവകാരുണ്യ മനോഭാവത്തിന്റെയും സാമുഹ്യ പ്രതിബദ്ധതയുടെയും പ്രകാശഗോപുരമായി 'എറൈസ്' നിലനിൽക്കട്ടെ എന്ന് ആശിക്കുന്നു. ●





# जल जीवामृत

**Adithya Babu**
I B.com Computer Application

ईश्वर ने प्रकृति को पैदा किया। प्रकृति का वैभव और संपत्ति ईश्वर का वरदान है। हवा, मिट्ठी पर्यावरण और जल उनमें मुख्य है। उनमें सर्व प्रमुख स्थान जल का है। इसलिए जल संरक्षण हमारा कर्तव्य है। जल जीवन का आधार है। जल के सिवा हमारा जीवन असंभव है। पेड-पौधों केलिए जल ज़रूरी है। जल के सिवा मनुष्य और प्रकृति नहीं है। आज हमारे जलाशय बहुत कम हैं। सभी जलाशय मलिन हैं। उसके कई कारण हैं। कारखाने का विष जल कूडा-कचरा प्लास्टिक, रेत संभरण, जानवरों का नहाना आदि से जल प्रदूषण होता है।

भौगोलिक गर्मी और मौसम के बादलवों के कारण वर्षा की मात्रा में कमी होती है। गर्मी के दिनों में पानी की कमी और सुखाई हैं। बडे बडे शहरों में पानी आज बिकाऊ चीज है। पानी केलिए लागों को भावि में तरसना पडेगा। भविष्य में अगर एक लडाई होतो वह पानी के लिए होगी।

इसलिए जल हमारा जीवामृत है। उसका दुरुपयोग न करें। उसका संरक्षण करें। पानी का कम उपयोग करें। जल प्रदूषण न करें। जलाशय और अपने पर्यावरण को सुरक्षित रखें। पेड-पौधें का नाश न करें। प्रकृति और पर्यावरण हमारा रक्षक है।

जल जीवन है। हमारे जीवन केलिए आवश्यक चीज है। कोई भी प्राणी जल के बिना जी नहीं सकता। लेकिन आज के इस युग में जल प्रदूषण की समस्या बढती जा रही है। गंगा एक समय पवित्र नदी थी। लेकिन आज

की हालत दयनीय है। केमिकलस भारत की नदियों को दुषित कर रही हैं। भारत सरकार जल प्रदूषण की समस्या को रोकने केलिए कई अभियान चला रही है। जल प्रदूषण कीन समस्या वास्तव में कोई नयी समस्या नहीं है। धरती पर जीवन का सबसे मुख्य स्रोत ताज़ा पानी है, लेकिन धरती पर जल प्रदूषण लगातार एक बढती समस्या बनती जा रही है। जल प्रदूषण सभी के लिए एक गंभीर विपत्ति है।

कई तरीकों से मानव, पशु-पक्षि, जलीय जीव और मौसम प्रभावित हो रहे है। जल प्रदूषक जल की रसायनिक, भैतिक, और जैविक विशेषता को बिगाड़ रहा है। जो पुरे विश्व में पेड़-पौधों, मानव और जानवरों केलिए बहुत खतरनाक है।

जल प्रदूषण के कारण :-

प्लास्टिक समुद्र में फेंकने से।
कारखानों का विषजल, कूडा कचरा सीधे पानी में बहाने से।
मृत जानवरों को पानी में फेंकने से।
तालाबों में और जलाशयों में मल-मूत्र विसर्जन करने से जल प्रदूषण फैलता है।
कीटनाशक दवाई का अत्यधिक इस्तेमाल करने से जल प्रदूषण होता है।

जल प्रदूषण से होने वाले नुक्सान:

जब हम प्रदुषित पानी पीते है तभी खतरनाक रसायनिक चीजे और दूसरे प्रदूषक शरीर के अंदर आते है। दुषित जल पीने से टाइफोइड , पोलियो, डयरिया, बुखार, एकज़ीमा आदी भयंकर रोग उत्पन्न हो जाते हैं। ऐसा प्रदूषण जल, पशु-पक्षी, और पौधों के जीवन को भी बूरी तरह से प्रभावित करता है। जल प्रदूषण का दुष प्रभाव यह भी है कि प्रदूषित जल जिस कृषि योग्य भूमि से होकर गुज़रता है और उस भूमी की अर्वरता को नष्ट कर देता है।

जल प्रदूषण सो बचाव :-

जल प्रदूषण से बचने केलिए सभी कारख़ानों को मानक नियमों को पालन करना चाहिए। सुलभ शौचालय आदिका निर्माण करना चाहिए, नदी एवं तालाब में पशुओं को स्नान कराने को भी पाबंदी होनी चाहिए, कृषि कार्य में आवश्यकता से अधिक रसायनिक उर्वरकों और कीटनाशकों के प्रयोग को भी कम किया जाना चाहिए। प्रदूषण नियंत्रण बोर्ड का सक्त कानून बनाने चाहिए। ताकि जल प्रदूषण रोका जा सके।



# जल नहीं तो...
# जीवन नहीं...



**Sreepriya T.K.**
II B.Sc Psychology

हमको पहले से ही जानकारी है कि जल सभी जीवित प्राणियों के अस्तित्व केलिए कितना महत्वपूर्ण है। जल जीवामृत है। ईश्वर की बडी देन है। जल के सिवा दुनिया का अस्तित्व असंभव है।

भा़रत एक विकासशील देश है। उसका क्षेत्र विशाल है। परिवर्तन शील जलवायु है और बडी आबादी भी है। देश में अवक्षेपण तथा प्रवाह न केवल असमान रूप से वितरित है। परन्तु वर्षा के दौरान में भी पानी के वितरण के समय भी असमालता है। जलदी-जलदी आनेवाली बाढ, सुखाई तथा अस्थिर कृषि उत्पादन हमेशा केलिए एक गंभीर समस्या बन रही है।

भारत एक कृषि प्रधान देश है । इसका आर्थिक विकास कृषी से जुडा हुआ है। कृषि केलिए मुख्य सीमित कारण जल है। बढती हुई जनसंख्या के कारण जल का अधिक उपहोग हो रहा है। जल के अत्यधिक उपहोग के कारण देश के कई भागों में पानी की कमी हो रही है। कहने की आवश्यकता नहीं कि भारत के आर्थिक, सामाजिक, तथा सांस्कृतिक विकास के लिए जल संरक्षण बहुत महत्वपूर्ण है।

# ज़िन्दगी



**Maria Ribi**
I BBA Finance

*ज़िन्दगी को लोग नई दुनिया या जीने की चाह कहते हैं। मगर ज़िन्दगी तो एक फूल के समान है। अगर फूल में सुगन्ध है तो, उस पर हवा, पानी मिले तो फूल खिल कर सुन्दर आकर्षक बन जाता है। इसी प्रकार जीवन भी फूल की तरह प्यार, मिलवर्तन, सहारा आदि चाहता है। जब फूल को उसकी ज़रूरत के अनुसार हवा, पानी, सुर्य की रोशनी न मिलें तो वह सूख कर झड जाएगा। इसी तरह अगर जीवन में प्यार, आपसी सहारा और सुरक्षा न मिलें तो जीवन सूखे फूल की तरह मुरझा -जाता है।*

*अच्छी ज़िन्दगी बिताना हर किसी की वश की बात नही है। ज़िन्दगी में कई उतार-चढाव आते हैं। अगर कोई सहारा दे तो यह उतार-चढाव पल- भर केलिए कठिन लगते है, पर जलदी ही टल जाते हैं। कई लोग अपनी ज़िदगी बिताना एक ट इमपास समझते हैं। ज़िदगी बिताने के कार्य में एक मेहमान की तरह जीना लोगों की आदत सी बन गई है। लोग कहते हैं कि यह जीवन चार पल का है, अगर जीना है तो खुशी से जिओ । पर कुछ लोग दूसरों की खुशी को मिटा कर देते हैं। अपनी खुशी के लिए दूसरों की खुशी को गम को गम में बदल देना आज-कल तो एक रिवाज सी बन गयी है। आजकल हर कोई अपनी स्वार्थता ही देखते है।*

*ज़िदगी में लोग अपनी लक्षय प्राप्ति केलिए चलते हैं। वह अपनी मंजिल को पाने के लिए कई यत्न करते है। मंजिल किस्मत में लिखी हो तो मिलेगी ज़रूर। अगर किस्मत ही धोखा दे जाए तो ऐसी ज़िन्दगी नरक बनते देर नही लग-ती। आजकल ज़िन्दगी को जीने का यही मूलमंत्र है कि ज़िदगी में किसी को उसकी मंजिल तक जाने के लिए रोको मत, अगर कोई गलती कर रहा है तो इससे दूसरे भी इसी गलती पर चलते है और अपने जीवन में भी निशाना नही मिलता।*

# वैसे भी अपने आप बने





**Athira M.**
II B.Sc Psychology

*लोगों का अवसर स्वयं केन्द्रित और अनुचित है।*
*वैसे भी उनहें माफ कर दो।...*
*अगर आप दयालू है, वे आप पर अपराद लग सकते है।*
*वैसे भी दयालू रहो...*
*अगर आप ईमानदार है, वे आपको धोखा दे सकते है।*
*वैसे भी ईमानदार रहो...*
*अगर आपको खुशी मिलती है तो लोग ईर्ष्यावान हो सकते है।*
*वैसे भी खुश रहो.....*
*आज आप जो अच्छा कर सकते है, वह भूल सकते है।*
*वैसे भी अच्छा करो....*
*दुनिया को आप के पास से सबसे अच्छा दो और यह*
*कभी भी पर्याप्त नही हो सकता है।*
*वैसे भी अपना सर्वश्रेष्ट दें...*
*अंत में यह आपके और भगवान के बीच है।*
*यह किसी भी तरह से कभी आपके और उनके बीच नही था।*

# तुम्हारी याद



**Hasna P.A.**
I B.Com Computer Application

तुम्हारी याद मेरे दिल में
जैसे सूरज की चमकती किरण।
चीरती अंधकार को
बारिश की पहली बूँन्द तप्त भूमि पर।।
तुम्हारा चेहरा आती है याद
जैसे पूर्णिमा का चाँद।
सपनों की नगरी में तुम
मेरी मंजिल हो।
झूठ के दल दल में तुम मेरे
सच्च का कमल हो।।
इसलिए तो तुम्हारी याद है मेरे दिल में
जैसे निराशा के सागर में,
आशा की किरणें।
सीपी में मिले चमकते मोती।





# कलाम के वचनमोती



**Madhuri Anil Pawar**
I B.Sc Psychology

१ शिखर तक पहूँचने के लिए ताकत चाहिए, चाहे वह माउन्ट एवरेस्ट का शिखर हो या आपके पेशे का।

२ भगवान, हमारें निर्माता ने हमारे मस्तिष्क और व्यक्तित्व में असीमित शक्तियाँ और क्षमताएँ दी हैं। ईश्वर की प्रार्थना हमें इन शक्तियों को विकसित करनें में मदद करती है।

३ में इस बात को स्वीकार करने के लिए तैयार था कि में कुछ चीजें नहीं बदल सकता।

४ महान सपने देखने वालों के महान सपने हमेशा पूरे होते हैं।

५ अगर किसी देश को भ्रष्टाचार-मुक्त और सुन्दर मन वाले लोंगों का देश तो मेरा दृढतापूर्वक मानना है कि समाज के तीन प्रमुख सदस्य ये बन सकते है। पिता, माता और गुरु।

६ यदि हम स्वतंत्र नहीं है तो कोई भी हमारा आदर नहीं करेगा।

७ भारत में हम बस मौत, बीमारी, आतंकवाद और अपराध के बारे में पढते है।

८ आइए, हम अपने आप का बलिदान कर दें, ताकि हमारे बच्चों को बेहतर हो सकें।

९ इनसान को कठिनाइयों की आवश्यकता होती है क्योंकि सफलता का आनंद उठानेके लिए ये हो ज़रूरी हैं।

१० किसी भी धर्म में उसे बनाए रखने और बढाने के लिए दूसरों को मारना अनिवार्य नहीं बताया है।

११ इससे पहले के सपने सच हो तो आपको सपने देखने होंगे।

१२ तब तक लडना मत छोडो, जब तक अपनी तय की हुई जगह पे पहूँच जाओ, यही अद्वितीय तुम हो।

१३ उत्कृष्टता एक सत प्रक्रिया है, कोई दुर्घटना नहीं।

१४ अगर तुम सूरज की तरह चमकना चाहते हो तो पहले उसकी तरह जलो।

१५ पक्षी अपने ही जीवन और प्रेरणा द्वारा संचालित होता है।

१६ विज्ञान मानवता के लिए एक खुबसूरत तोहफा है। हमें इसे बिगाडना नही चाहिए।

१७ भारत के लिए २०-२० विजय है। इसे एक विकसित राष्ट्र में बदल देना। ये भावात्मक नही हो सकता, यह एक जीवन रेखा है।

# പുഴയ്ക്കായ്...



# അക്കൗണ്ടിംഗ് പരിശീലനം APA യിലൂടെ അനുഭവിച്ചറിയൂ..!

**കേരളാ ഗവ. അംഗീകൃത കോഴ്സുകളും സർട്ടിഫിക്കറ്റുകളും**

Tally GST | Sage 50 | SAP R3 Fi &CO
MYOB | QuickBooks | Peachtree by Sage
Microsoft Office | IDCAF | IAAP (UK)
UAE VAT | Tally ACE | Excel Advanced Level

- യഥാർത്ഥ ബില്ലുകളും വൗച്ചറുകളും ഉപയോഗിച്ചുള്ള പരിശീലനം
- ഏത് Accounting Software കളും അനായാസം കൈകാര്യംചെയ്യാൻപറ്റുന്ന രീതിയിലുള്ള വിദഗ്ദ്ധ പരിശീലനം.
- ആജീവനാന്ത അംഗത്വം. ജോലി ലഭിച്ചതിനു ശേഷവും Accounting സംബന്ധമായ സംശയങ്ങൾ പരിഹരിക്കാനുള്ള പ്രത്യേക സാകര്യം

**സമയം, പണം, അദ്ധ്വാനം ഇവ അമൂല്യമാണ്**



All Courses are Designed and Directed by
BIJU V.T.
Director & Tax Practitioner

## OUR CERTIFICATIONS

1. ISO 9001:2015 CERTIFICATION
   INTERNATIONAL STANDARD ORGANIZATION, QUALITY RESEARCH ORGANIZATION (UK)
2. TALLY AUTHORISED CENTER CERTIFICATION
3. MICROSOFT SPECIALIST CERTIFICATION (USA)
4. IDCAF (INTERNATIONAL DIPLOMA IN COMPUTERISED ACCOUNTING AND FINANCE) (UK)
5. ONE YEAR EXPERIENCE CERTIFICATE (KERALA GOVT.REGISTERED TAX CONSULTANTS)
6. SAP, R/3 Fi&Co + Original Certificate with DSL Code (Germany)
7. KERALA GOVT. CERTIFICATION (PSC, Govt.JOBS & EMPLOYMENT REGI)

പ്രവേശനം നേടുവാൻ വേണ്ട യോഗ്യത: +2 / Any Graduation. പരീക്ഷ എഴുതി റിസൾട്ട് കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്.

## ടാക്സ് പ്രാക്ടീഷണർ നടത്തുന്ന

An ISO 9001:2015 CERTIFIED INSTITUTE

# APA™

**ACADEMY OF PROFESSIONAL ACCOUNTANTS'**

MUKKAM ★ BALUSSERY ★ KOYILANDI

9447 396733 | 9605 173 609 | 9526 334 244
9447 396 733
apa.keralamkm@gmail.com


IELTS™
English for International Opportunity
OET
OCCUPATIONAL ENGLISH TEST
Pearson
PTE Academic
Different English Exams...
BRITISH COUNCIL PLATINUM MEMBER
Official Partner with IDP and British Council
But Only One
Destination!
Call Us: 0495 2253514
0944 7814774
SUCCESS
Garten
freedom through language
www.successgarten.com
Mathichiparambil Building, Thiruvambady P.O, Kozhikode. mail@successgarten.com

# GLIMPSES OVER THE MILESTONES OF ACCOMPLISHMENTS 2017-2108











**Four** years for an institution is a worthy stage where one can start matching expectations with results, objectives with achievements and above all, blessings enjoyed with difficulties & hardships endured. Alphonsa College Thiruvambady (ACT), just four years old has emerged as a higher educational institution with difference, a promising institution of the region providing value added, quality education: an institution striding towards excellence! It is often said "Perfection is not attainable but if we chase perfection, we can catch excellence" Yes, every institute strives for excellence. So do we, at ACT.

With the vision "To improve the quality and dignity of human beings through training and research", several steps are being undertaken for multi-dimensional growth of the institution, contributing in turn, towards the growth of a healthy & happy society.

In the year 2014 the Diocese started its First Higher Educational Institution; Alphonsa College Thiruvambady (ACT), obtaining permission from the government of Kerala. The college provides an excellent atmosphere for education and training in various disciplines to the youngsters of all communities. Its prime responsibility is to mould the students as the future citizens of India. On 28 July, 2014 the first academic year was inaugurated at the Cherubin Memorial Parish Hall, Thiruvambady.

The college was shifted to its new edifice on 28th July 2015, and was officially inaugurated on 22 January 2016 by Shri. Oomen Chandy, the Honorable Chief Minister. The present site is about 2 kilometers away from Thiruvambady town, located at the top of the region which is a lush greenery. Alphonsa College Thiruvambady is the one and only



college for higher studies for the students of remote mountainous villages of this area of Calicut district. ACT is affiliated to the University of Calicut. The College provides an excellent atmosphere for education and training in various disciplines. It provides six courses and has total intake of 200 students per year. The College in its fifth academic year, is well equipped to consist the students with all educational requirements. The college admits youngsters of all communities irrespective of caste, creed and gender to be courageous, truthful and well-balanced to face the challenges of the present world.

The holistic development of each and every student is the prime responsibility of the college. Numerous programmes are organized to promote overall development of the students at ACT. This institution pursues excellence in its moulding of the future citizens of India. These programmes cover a wide range of areas of both academic and non-academic interests.










## ACT Family

We have 500 students on the roll now, of which 350 are in B. Com., 70 each in B.Sc. and B.A. respectively. We have 27, well qualified faculty members and 7 non-teaching staff on the roll.

## Major Institutional Happenings and Activities





1. On June 5, 2017, a one day workshop was conducted in connection with World Environmental Day. Dr. Thomas Thevara, Director OISCA, Eco Resource Centre Waynad led the workshop.
2. As a part of the initiation of 'The Campuses of Kozhikode' at ACT, Mr. Snehil Kumar Singh IAS, Asst. Collector, Kozhikode, Dr. Suresh Kumar,







Director WHO Collaborating Centre, Calicut and Dr. Roshan Bijilee K.N., Director, Composite Regional Centre for Persons with Disabilities (CRCK), Govt. of India, visited our campus on 22 June 2017 and addressed the students.



3. A workshop was conducted on 26 July, 2017 by Mr. Joseph Scaria, (Habitat for Humanity International, Philippines). He delivered a fine and mind blowing lecture on this occasion.

4. The Women Development Cell at ACT organized a seminar pertaining Women's rights on 8 August, 2017. R.L. Baiju, Sub-Judge, Secretary District Legal Services Authority, Kozhikode; Advocate Maria, Kalpetta, Wayanad and Advocate Sujatha S Varma, Manjeri, Malappuram took class on 'Gender and Society'.





5. As a part of the initial training for the Palliative Care under the 'Campuses of Kozhikode', Ms. Chandralekha, Ms. Sruthi and Mr. Shaib, the trainers of the COK provided an extensive practical training to the volunteers of the COK (Palliative Care) on 11 August 2017.





6. Department of Commerce organized a seminar on 24 August 2017. Dr. Sanathanan, Head of the Economics Department, St. Joseph's college Devagiri delivered a talk on 'Economic growth and its impact in the modern times'.

7. On September 20, 2017. Ms. Bindu Amat, Associate Professor, Providence Women's College, Calicut inaugurated the activities of the Association of the English Department.

8. The Teachers' Day celebration was conducted on September 20. Rev.Fr. Joseph Vayalil, former Principal, St. Joseph's College Devagiri delivered a message on this occasion.



9. On 25 September, 2017 Mr. Mark Antony, a prominent Youth Trainer took class for the students





of the Department of English and Psychology on Personality Development.

10. The inauguration of ELECTRA 2017 was organized on 27 September 2017.Sr. Lincy Cherian, former Principal, Holy Cross College , Kozhikode inaugurated the event.

11. The Commerce Association 2017-18 was inaugurated on 28 September 2017. Dr. M.K Baby, HOD, Commerce Department, St. Joseph's College Devagiri inaugurated the activities of the Commerce Association 2017-18.

12. On November 15, 2017, Mr. K.T Thomas, former M.D, MILMA, Malabar Region, conducted a workshop in connection with ED Club Activities. Mr. Narayanan P.K. and Ms. Shareefa P.P. addressed the students on this occasion.





13. In connection withTranscend 2K17, The Psycho Fest, Dr. Sherin V. George, Asst. Prof. Sri Shankaracharya University ,Kaladi and wellknown Psychological Illusionist and magician visited the college on 25 Nov. 2017.

14. Dr. Sureshkumar, Clinical Psychologist, CRC, Kozhikode paid a visit to our institute on 26 Nov.2017 and enlivened the students during the occasion of Transcend 2K17.

15. Explora Literaria, the Department Fest of English was conducted on 1, December 2017. Mr. George M Thomas, Member of Legislative Assembly (MLA), Thiruvambady inaugurated the event. Ms. Sunaina K. and Ms Lishna N.C. RJs of Radio Mango inaugurated the Alphonsa FM, an initiative of the Department of English on this occasion.

16. P.T. Govindan Kutty, Rtd. Station Manager Air India Ltd. gave a lecture to the students on 4 December 2017.

17. Ms. Roshni Muralidharn, Dr. Athul Musthafa and Mr. Gokul Raj,Radio Jockys, Club FM, Mathrubhumi, took an interactive session to the students of the





Department of English regarding FM radio on 01 December 2017.

18. In connection with the Fine Arts Day, Mr. Sunil Kumar, renowned playback singer rocked the students on 9 Dec.2017.





19. Ms. K.P. Sudheera, well-known Malayalam writer released OIKOS, the annual Magzine 2016-17 of ACT on 22 December 2018. She was the Chief Guest of our Christmas Celebration of 2017 too.

20. A holistic development seminar was conducted on 2, February 2018. Dr. Mario Joseph, well-known trainer took the college to storm with his unique session.

21. Talentia 2K18, Annual Day of the college was celebrated on 6 March, 2018. His Excellency Mar. Remigiose Inchananiyil presided over the function, in which, Very Rev. Msgr. Mathew Maveli inaugurated the celebration. The presence of Fr. Abraham Kavilpurayidathil, the Chancellor, Diocese of Thamarassery; Fr. Abrham Valloppilly, the vicar of Sacred Heart Ferone Church, Thiruvambady; Fr. Sebastian Chembukandathil, the Manager, St. Alphonsa Public School, Urakam, Malappuram; Rev. Fr. Joseph Palakkatt, Principal, St. Alphonsa School Urakam; Fr.Abraham Kocheelath, the Rector, St. Alphonsa Seminary, Thamarassery; etc. enriched the function. The words and performance of Mr. Vinod Kovoor, renowned cine & television artist was an icing on the cake in Talentia 2K 18.





22. Women's Day Celebration was inaugurated by Dr. Beena Philip on March 8. A seminar on 'Press for Progress 'was conducted on this occasion.

